ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 03 ജൂൺ 2020 ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം

1. Prot. No. 113/20 ഇടയലേഖനം .......... 05
2. കച്ചേരിക്കാര്യം .......... 11
3. വിശ്വാസപരിശീലനം .......... 16
4. കുടുംബക്കൂട്ടായ്മ .......... 23
5. ബൈബിൾ അപ്പൊസ്തൊലേറ്റ് .......... 26
6. ചെറുപുഷ്പ മിഷൻ ലീഗ് .......... 28
7. തിരുബാലസഖ്യം .......... 32
8. യുവജനശുശ്രൂഷ .......... 33
9. കുടുംബപ്രേഷിതത്വം .......... 40
10. ADAM .......... 44
11. വിദ്യാഭ്യാസ ഏജൻസി .......... 45
12. നിർമ്മലഗിരി വാർത്തകൾ .......... 47
13. വിമൽജ്യോതി വാർത്തകൾ .......... 49
14. എ.കെ.സി.സി. വാർത്തകൾ .......... 50
15. ഇൻഫാം .......... 53
16. കർഷകവർഷം .......... 54
17. എ.ഡി.എസ്.യു .......... 57
18. പ്രതീക്ഷ .......... 58
19. കെ.സി.ബി.സി .......... 60
20. സാമൂഹ്യസേവനവേദി .......... 62
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 64
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 66

Prot. No. 113/20; Pastoral Letter No. 2/2020

# ഇടയലേഖനം

*ദൈവകൃപയാൽ*
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*മാർ ജോർജ് ഞറളക്കാട്ട്*

*തന്റെ അതിരൂപതയിലെ വൈദികർക്കും*
*സന്യസ്തർക്കും ദൈവജനത്തിനും എഴുതുന്നത്*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

നാമാരും നാളിതുവരെ കേട്ടിട്ടുപോലുമില്ലാതിരുന്ന കോവിഡ്-19 എന്ന മഹാമാരി ലോകത്തെ മുഴുവൻ മുൾമുനയിൽ നിർത്തി സംഹാര താണ്ഡവമാടാൻ തുടങ്ങിയിട്ട് മാസങ്ങളേറെയായി. ലോകമാസകലം ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഇതുപോലെ നിശ്ചലമാക്കിയ അനുഭവം സമാനതകളില്ലാത്തതാണ്. വിശുദ്ധവാരത്തിൽപോലും അടഞ്ഞുകിടന്ന ദൈവാലയങ്ങൾ നമ്മുടെ മനസ്സിന്റെ നൊമ്പരമായിരുന്നു. അടഞ്ഞുകിടന്ന ദൈവാലയങ്ങൾക്കു പകരം സ്വന്തം ഭവനങ്ങളെ ദൈവാലയങ്ങളാക്കിമാറ്റിയ വിശ്വാസികൾ നല്കുന്ന പ്രത്യാശയുടെ സന്ദേശം അത്ഭുതാവഹമാണ്. കഷ്ടതയുടെ നാളുകളിൽ കർത്താവിന്റെ കരം മുറുകെ പിടിച്ച് മുന്നേറിക്കൊണ്ട് നിങ്ങൾ പ്രകടമാക്കുന്ന വിശ്വാസദാർഢ്യം ഏറെ അഭിനന്ദനീയമാണ്. ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട് (ഏശയ്യ 41:10) എന്ന കർത്തൃവചനം നമ്മെ ശക്തിപ്പെടുത്തട്ടെ.

ലോക്ഡൗൺ കാലഘട്ടം ഏറെ ഭാവാത്മകവും സുവിശേഷാനുസൃതവുമായ മൂല്യങ്ങൾ നമ്മെ പഠിപ്പിച്ചു എന്നതും വിസ്മരിക്കാതിരിക്കാം. ലാളിത്യത്തിന്റെയും പ്രകൃതിയോടുചേർന്ന ജീവിതശൈലിയുടെയും പാഠങ്ങൾ ഈ നാളുകളിൽ നാം പഠിച്ചു. നാം ശീലിച്ചിരുന്നവ പലതും അത്യാവശ്യമുള്ളവയായിരുന്നില്ല എന്നു നാം തിരിച്ചറിയുകയായിരുന്നു. നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതിന്റെ ആവശ്യകത നാം പഠിച്ചു. മദ്യപാനം കൂടാതെ ജീവിക്കാനാവുമെന്ന് ദീർഘകാല മദ്യപാനികൾ പോലും തെളിയിച്ചു. കുടുംബത്തിലെ കൂട്ടായ്മയുടെ ഹൃദ്യത മറ്റേതൊരു കാലഘട്ടത്തെക്കാളും നാം മനസ്സിലാക്കി. പങ്കുവയ്ക്കലിന്റെ സാഹോദര്യവും സൗന്ദര്യവും നാം തിരിച്ചറിഞ്ഞു. നമ്മുടെ കൃഷിയിടങ്ങളിലേക്ക് പിൻതിരിയുവാനും കാര്യക്ഷമമായി കൃഷിയിൽ

വ്യാപൃതരാകാനും ഈ കാലഘട്ടത്തിൽ നമുക്ക് കഴിഞ്ഞു. ദൈവം പകർന്നുതന്ന ഈ നല്ല പാഠങ്ങൾ നഷ്ടമാക്കാതിരിക്കാൻ നാം ബോധപൂർവ്വം ശ്രമിക്കണം.

പ്രതിസന്ധിയുടെ ഈ നാളുകളിൽ സർക്കാർ സംവിധാനങ്ങളോട് സഹകരിച്ചുകൊണ്ട് നമ്മുടെ അതിരൂപത നടത്തിയ സാമൂഹിക ഇടപെടലുകൾ ഏറെ ശ്രദ്ധേയങ്ങളായിരുന്നു. വിവിധ ഇടവകകളും സമർപ്പിതഭവനങ്ങളും സ്ഥാപനങ്ങളും ഭക്തസംഘടനകളും സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വഴി രണ്ടുകോടി ഇരുപത്തിയെട്ട് ലക്ഷത്തിൽപരം രൂപയുടെ സഹായങ്ങൾ ഈ നാളുകളിൽ നാം വിതരണം ചെയ്യുകയുണ്ടായി. അതിരൂപതയുടെ കീഴിലുള്ള 70 സ്ഥാപനങ്ങൾ പ്രവാസികളുടെ പുനരധിവാസത്തിനായി നാം സർക്കാരിന് വിട്ടു നൽകിയിട്ടുണ്ട്. കോവിഡ് - 19 പ്രതിരോധത്തിന്റെ ഭാഗമായി ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിംഗ് കോളേജ് രൂപകല്പന ചെയ്തു നിർമ്മിച്ച റോബോട്ടുകളും മൊബൈൽ കിയോസ്കുകളും ദേശീയ അന്തർദേശീയ തലങ്ങളിൽപോലും ശ്രദ്ധനേടി.

## ആധ്യാത്മികരംഗം

ആരാധനാലയങ്ങൾ ഭാഗികമായി തുറന്ന് സാമൂഹിക അകലം പാലിച്ച് വി. കുർബ്ബാനയർപ്പിക്കാനുള്ള അനുവാദം വൈകാതെ ലഭിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. അതിനായി സർക്കാരിനോട് സഭാതലത്തിൽ അഭ്യർത്ഥന നടത്തിയിട്ടുണ്ട്. പ്രസ്തുത അനുവാദം ലഭിക്കുന്നതു വരെയുള്ള നാളുകളിൽ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ആളുകൾക്കു വി. കുർബ്ബാന ലഭ്യമാക്കാൻ സാധ്യമായതെല്ലാം ബഹു. വികാരിയച്ചന്മാർ ചെയ്യണം. ചില വൈദീകർ രണ്ടുനേരം വി. കുർബ്ബാനയർപ്പിച്ചു വിശ്വാസികൾക്ക് പ്രാതിനിധ്യ സ്വഭാവത്തിൽ പങ്കാളിത്തം നൽകുന്നത് മാതൃകാപരമാണ്. ഓൺലൈൻ കുർബ്ബാനകളിലെങ്കിലും പങ്കെടുത്തു ഞായറാഴ്ചയാചരണത്തിൽ വീഴ്ച വരുത്താതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. അത്യാവശ്യമുള്ളവർക്കായി ഒന്നരമീറ്റർ അകലം പാലിച്ചും സുരക്ഷാ മാനദണ്ഡങ്ങളെടുത്തും കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യണം. മരണാസന്നർക്കു രോഗീലേപനം നൽകുന്നതിലും സമാനമായ കരുതൽ ആവശ്യമാണ്.

ലോക്ഡൗൺ കാലത്ത് നമ്മുടെ അതിരൂപതാ മതബോധന കേന്ദ്രവും ചെറുപുഷ്പമിഷൻ ലീഗും കുട്ടികൾക്കായി നടത്തിയ വിവിധ മത്സരയിനങ്ങളിൽ സജീവമായി പങ്കെടുത്ത എല്ലാവരെയും അനുമോദിക്കുന്നു. സ്കൂളുകളിൽ ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങുന്നതിനനു

സൃതമായി നമ്മുടെ സൺഡേസ്കൂളുകളിലും ഓൺലൈൻ പഠനപരിപാടി ആരംഭിക്കുന്നതാണ്. ഈ വർഷം വേദപാഠത്തിന്റെ വാർഷിക പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. പകരം പാദ-അർദ്ധ വാർഷിക പരീക്ഷകളുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകയറ്റം നൽകുന്നതാണ്. ഫാമിലി അപ്പസ്തോലേറ്റ് (MPC) വിവാഹ ഒരുക്ക കോഴ്സുകൾ ഓൺലൈനായി ക്രമീകരിച്ചിട്ടുണ്ട്. വിവാഹാർത്ഥികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി വിവാഹത്തിന് ഒരുങ്ങേണ്ടതാണ്.

## ഇടവകയുടെ ഭരണ സംവിധാനം

സാമ്പത്തിക വർഷം അവസാനിച്ചതിനാലും വൈദികരുടെ സ്ഥലം മാറ്റം ആവശ്യമായതിനാലും പള്ളികളുടെ ആണ്ടുതിരട്ടിന് അംഗീകാരം നൽകേണ്ടതുണ്ട്. നിയമാനുസൃതം ഇടവകാ പൊതുയോഗം നൽകേണ്ട ഈ അംഗീകാരം പൊതുയോഗം കൂടാനാവാത്ത പ്രത്യേക സാഹചര്യത്തിൽ ഈ വർഷം പാരീഷ് കൗൺസിലിനു നൽകാവുന്നതാണ്. എല്ലാ ഇടവകകളിലും ജൂൺ 7 ന് മുമ്പായി പഴയ പാരീഷ് കൗൺസിൽ വിളിച്ചുകൂട്ടി 2019-2020 വർഷത്തെ വാർഷിക കണക്കുകൾ പാസ്സാക്കണം. വലിയ ഇടവകകളിൽ പാരീഷ് കൗൺസിൽ വിവിധ ഗ്രൂപ്പുകളായോ പ്രാതിനിധ്യ സ്വഭാവത്തോടെയോ ചേരാവുന്നതാണ്.

പുതിയ പാരീഷ് കൗൺസിലുകൾ നിലവിൽ വരേണ്ടവർഷമാണല്ലോ ഇത്. പല ഇടവകകളിലും കുടുംബ കൂട്ടായ്മയുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞതായി മനസ്സിലാക്കുന്നു. തിരഞ്ഞെടുപ്പ് ഇനിയും പൂർത്തിയാക്കാത്ത കുടുംബ യൂണിറ്റുകളിൽ രഹസ്യ ബാലറ്റുവഴിയോ പ്രാതിനിധ്യ സ്വഭാവമുള്ള യോഗത്തിലൂടെയോ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജൂൺ ആദ്യവാരത്തിൽ പൂർത്തിയാക്കണം.

പുതിയ പാരീഷ് കൗൺസിൽ ചേർന്ന് അംഗങ്ങളിൽ നിന്നു രണ്ടു കൈക്കാരന്മാരെ തിരഞ്ഞെടുക്കണം. കോർഡിനേറ്ററെ നിശ്ചയിക്കാനുള്ള മൂന്നംഗ പാനലും പാരീഷ് കൗൺസിൽ സെക്രട്ടറിയുടെ തിരഞ്ഞെടുപ്പുംകൂടി ഈ യോഗത്തിൽവച്ച് നടത്തേണ്ടതാണ്. ശേഷിക്കുന്ന രണ്ടു കൈക്കാരന്മാരെ ഇടവകാതല രഹസ്യബാലറ്റിലൂടെയോ ആറുമാസത്തിനുള്ളിൽ ചേരുന്ന പൊതുയോഗത്തിൽ നിന്നോ തിരഞ്ഞെടുക്കാവുന്നതാണ്. പാരീഷ് കൗൺസിൽ അംഗീകരിച്ച ആണ്ടുതിരട്ടിനും തീരുമാനങ്ങൾ ക്കും കൈക്കാരന്മാരുടെ (രണ്ടു പേർ) തിരഞ്ഞെടുപ്പിനും അംഗീകാരം നൽകുന്നതിനായി അതിരൂപതാ കച്ചേരിയുടെ സേവനം ജൂൺ 9, 10 തീയതികളിൽ ഫൊറോന കേന്ദ്രങ്ങളിൽ ലഭ്യമായിരിക്കും. മുൻകാലങ്ങളിലേതുപോലെ ആണ്ടുതിരട്ടുകൾ പാസ്സാക്കുന്ന അവസ

രത്തിൽ അതിരൂപതയിൽ അടയ്ക്കേണ്ട വിഹിതങ്ങൾ നൽകാനും ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അതിരൂപതയിൽ വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം നടത്തുന്നത് ജൂൺ 27 ന് ശനിയാഴ്ചയാണ്. മാറിയ സാഹചര്യത്തിൽ യാത്രയയപ്പ് നടപടികൾ ഏറ്റവും ലളിതമാക്കാൻ ശ്രദ്ധിക്കുമല്ലോ. വർഷങ്ങളോളം നമ്മുടെ ഇടവകയിൽ ശുശ്രൂഷ ചെയ്തു സ്ഥലം മാറിപ്പോകുന്ന വൈദികർക്കു സമുചിതമായ യാത്രയയപ്പ് നൽകാൻ ഇടവകക്കാർക്കു ആഗ്രഹമുണ്ടെങ്കിലും കഷ്ടതയുടെ ഈ കാലത്ത് അവ ഒഴിവാക്കാം. നിത്യപുരോഹിതനായ ഈശോ തന്റെ വൈദികർക്കു ചേർന്ന പ്രതിഫലം നൽകും.

സാമ്പത്തിക ഞെരുക്കത്തിന്റെ ഈ കാലഘട്ടത്തിൽ നമ്മുടെ കുടുംബങ്ങളും ഇടവകകളും കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കണം. 2020–2021 വർഷത്തെ തിരുന്നാളുകൾ ആധ്യാത്മിക കർമ്മങ്ങൾ മാത്രമായി പരിമിതപ്പെടുത്തി ആഘോഷിക്കണം. അടിയന്തര സ്വഭാവം ഉള്ളവയൊഴികെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷത്തിൽ ആരംഭിക്കരുത്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ദൈവജനത്തെ യാതൊരു തരത്തിലും ഭാരപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തണം. ഇവയിൽ നീട്ടിവയ്ക്കാൻ പറ്റുന്നവ ആറുമാസത്തേക്കെങ്കിലും നിർത്തിവയ്ക്കുന്നതിനെക്കുറിച്ചും ചിന്തിക്കാം.

ഭവനങ്ങളിലെ ആഘോഷങ്ങളിലും കർശനമായ നിയന്ത്രണം പാലിക്കണം. വിവാഹം, മാമ്മോദീസ, മനസ്സമ്മതം, ആദ്യകുർബ്ബാന, തിരുപ്പട്ടം, ജൂബിലി തുടങ്ങിയ അവസരങ്ങളിൽ ഏറ്റവും അടുത്ത കുടുംബാംഗങ്ങളെ മാത്രം പങ്കെടുപ്പിച്ച് ചടങ്ങുകൾ ലളിതമാക്കാൻ പരിശ്രമിക്കണം.

**കർഷക വർഷം**

ഈ വർഷം നാം കർഷക വർഷമായി ആചരിക്കുകയാണല്ലോ. ലോക്ഡൗൺ കാലഘട്ടത്തിൽ നിങ്ങളെല്ലാവരും കാർഷിക മേഖലയിൽ സജീവമായിരുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ദിവസം ഒരു നേരത്തെ ഭക്ഷണമെങ്കിലും സ്വന്തം ഭവനത്തിൽ ഉത്പാദിപ്പിക്കണമെന്ന നമ്മുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കണമെങ്കിൽ ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനത്തിൽ നാം തുടർന്നും ശ്രദ്ധവയ്ക്കണം. നാം നടത്തിയ കർഷക സമരത്തിന്റെ ഫലമായി കാട്ടുപന്നികളെ നിയന്ത്രിക്കാൻ സർക്കാർ നടപ്പിലാക്കിയ പുതിയ നിയമം കർഷകർക്ക് ഏറെ പ്രയോജനകരമാകും എന്നു പ്രത്യാശിക്കാം.

നാണ്യവിളകൾ വിൽക്കാൻ കഴിയാതെയും വിറ്റവയ്ക്കു ന്യായവില ലഭിക്കാതെയും വന്ന സാഹചര്യത്തിൽ കർഷകർ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ബാങ്ക് ഓഫ് ഇന്ത്യ, ഗ്രാമീണ ബാങ്ക് എന്നിവ വഴി കർഷകർക്ക് മൂന്നു മുതൽ നാലുവരെ ശതമാനം പലിശ നിരക്കിൽ വായ്പ ലഭിക്കാനുള്ള ക്രമീകരണം അതിരൂപതാ തലത്തിൽ നടത്തിയിട്ടുണ്ട്. ചില വായ്പകൾ പലിശരഹിതമായി ലഭിക്കാനുള്ള സാഹചര്യവുമുണ്ട്. കർഷകർ വ്യക്തിപരമായോ സംഘമായോ കിസാൻ ക്രെഡിറ്റ് കാർഡു വഴിയുള്ള ഈ വായ്പാ സൗകര്യം പ്രയോജനപ്പെടുത്തി സ്വയംപര്യാപ്തരാകാൻ പരിശ്രമിക്കണം. സോഷ്യൽ സർവ്വീസ് സൊസൈറ്റി (TSSS), കുടുംബ കൂട്ടായ്മ തുടങ്ങിയ സംവിധാനങ്ങളിലൂടെ ഇവയുടെ വിശദാംശങ്ങൾ നിങ്ങൾക്കു ലഭിക്കുന്നതാണ്.

## ദുരിതാശ്വാസ ഫണ്ട്

ലോക് ഡൗൺ മൂലം ഉളവായ സാമ്പത്തിക തകർച്ച മൂലം കൂടുതൽ കഷ്ടതയുടെയും വറുതിയുടെയും നാളുകളെ നാം അഭിമുഖീകരിക്കേണ്ടിവരും. ഈ വർഷവും പ്രളയം പ്രവചിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കഷ്ടതയുടെ നാളുകളെ നമുക്ക് അവഗണിക്കാനാകില്ല. കോവിഡ് മൂലം ഈ വർഷത്തെ ജീവകാരുണ്യ ഫണ്ട് ശേഖരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലാത്തതിനാൽ ഏറ്റവും അർഹതപ്പെട്ടവരെപ്പോലും സഹായിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതിനു പരിഹാരമായി പാസ്റ്ററൽ കൗൺസിലിലെ അൽമായ നേതാക്കളുടെ നിർദേശപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുകയാണ്. എല്ലാവർഷവും ജീവകാരുണ്യ നിധിയുടെ സഹായത്താൽ പഠനം നടത്തിയിരുന്ന കുട്ടികളും ചികിത്സ നടത്തിയിരുന്ന കിടപ്പു രോഗികളും ഈ വർഷവും സഹായിക്കപ്പെടുന്നുണ്ടെന്ന് നമുക്ക് ഉറപ്പുവരുത്തണം. നമ്മുടെ അതിരൂപതാതിർത്തിക്കുള്ളിൽ ആരും പട്ടിണികിടക്കുകയോ അർഹതപ്പെട്ട സഹായം നിഷേധിക്കപ്പെടുകയോ ചെയ്യരുത് എന്ന ലക്ഷ്യത്തോടെ നാം ആരംഭിക്കുന്ന ദുരിതാശ്വാസ നിധിയിലേക്ക് സുമനസ്സുകൾ ആത്മാർത്ഥമായി സഹായം നൽകണം. നിങ്ങളിൽ ബഹുഭൂരിപക്ഷം പേരും സാമ്പത്തിക പരാധീനതമൂലം ആഗ്രഹമുണ്ടെങ്കിലും ഇതുമായി സഹകരിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ സർക്കാർ ശമ്പളമുള്ളവരും വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരും സാമ്പത്തികമായി മുൻനിരയലുള്ളവരും ഈ ദുരിതാശ്വസ നിധിയിലേക്ക് സാധിക്കുന്ന ഒരു തുക നീക്കിവെച്ചാൽ നമ്മുടെ ലക്ഷ്യം കൈവരിക്കാൻ കഴിയും.

**ഇടവകകൾ തമ്മിൽ സഹായം**

നമ്മുടെ പല ഇടവകകളും പ്രവർത്തിച്ചിരുന്നത് സ്തോത്രക്കാഴ്ച്ച കളിലൂടെയോ വീതപിരവുകളിലൂടെയോ ലഭിച്ചിരുന്ന തുക കൊണ്ടാണ്. ലോക്ഡൗൺ കാലഘട്ടത്തിൽ ഇതൊന്നും നടക്കാത്തതിനാൽ സാമ്പ ത്തികമായി പ്രയാസപ്പെടുന്ന 30 ൽ പരം ഇടവകകൾ നമ്മുടെ അതി രൂപതയിലുണ്ട്. പരസ്പര സാഹോദര്യ അരൂപിയിൽ സാമ്പത്തികമു ള്ള ഇടവകകൾ മേൽപ്പറഞ്ഞ ഇടവകകളെ സഹായിക്കാൻ മുമ്പോട്ട് വരേണ്ടതാണ്. അതിനുള്ള ഒരു പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാ ക്കാൻ ആഗ്രഹിക്കുന്നു. സാമ്പത്തിക നിലവാരമുള്ള ഇടവകകളുടെ സഹായം പ്രതീക്ഷിക്കുന്നു.

**ഉപസംഹാരം**

കോവിഡ് രോഗത്തെ പ്രതിരോധിക്കാൻ സർക്കാർ നല്കുന്ന എല്ലാ നിർദ്ദേശങ്ങളും നാം കൃത്യമായി പാലിക്കണം. നമ്മുടെ ആരുടെയെങ്കിലും അശ്രദ്ധകൊണ്ട് ഒരു വ്യക്തിക്കു പോലും രോഗം പകരാൻ ഇടവരു ന്നില്ലായെന്ന് ഉറപ്പുവരുത്താൻ നമുക്ക് കടമയുണ്ട്. കഷ്ടതയുടെ നാളു കൾ കടന്നു പോകുവാൻ ദൈവം ഇടപെടുമെന്ന് നമുക്ക് ഉറച്ചു പ്രത്യാ ശിക്കാം. മലബാർ കുടിയേറ്റത്തിന്റെ കഷ്ടതയുടെ കാഠിന്യത്തെ അടിയു റച്ച വിശ്വാസവും ആത്മാർത്ഥമായ കൂട്ടായ്മയും വഴി അതിജീവിച്ച ജന തയാണ് നാം. അതിനാൽ ഈ പ്രതിസന്ധിയേയും നാം അതിജീവിക്കു കതന്നെ ചെയ്യും. വിശ്വാസവും പ്രത്യാശയും സ്നേഹവും കൈമുത ലാക്കി ഒരു മനസ്സോടെ കുടിയേറ്റജനത മുന്നോട്ടു പോകും. തന്റെ മക്ക ളുടെ സങ്കടങ്ങളിൽ എന്നും സഹായവുമായി ഓടിയെത്തുന്ന പരിശുദ്ധ അമ്മ കണ്ണുനീരിന്റെ ഈ താഴ്വരയിൽ നമുക്ക് കൂട്ടിനുണ്ട്. നമ്മുടെ അ തിരൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സവിശേഷമായ മാദ്ധ്യസ്ഥ്യത്തിന് നിങ്ങളെയെല്ലാവരെയും സമർപ്പിക്കുന്നു. പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ നിങ്ങൾ ഓരോരുത്തരെയും ഞാൻ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി
25-05-2020

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ ഇടയലേഖനം യുക്തമായ മാർഗ്ഗങ്ങളിലൂടെ എല്ലാ ഇടവകക്കാരിലും എത്തിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.




**1. ബഹു. വൈദികരുടെ സ്ഥലംമാറ്റം**

നമ്മുടെ അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ പൊതുസ്ഥലം മാറ്റം ജൂൺമാസം 27-ാം തീയതി ശനിയാഴ്ചയായിരിക്കും. 27-ന് പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്ന് 28-ാം തീയതി ഞായറാഴ്ച നിയമനപത്തോന്തി പള്ളിയിൽ വായിച്ച് ചുമത ഏല്ക്കേണ്ടതാണ്. സ്ഥലംമാറ്റം ഉള്ള എല്ലാ വൈദികരും സ്ഥലം മാറിപ്പോകുന്നതിനുമുമ്പ് വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കി ഒപ്പിട്ട് നടത്തു കൈക്കാരനെക്കൊണ്ടും ഒപ്പിടുവിച്ച് പുതിയ വികാരിയെ ഏല്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. പുതിയ വികാരി ഉത്തരവാദിത്വം ഏറ്റെടുത്ത് തൊട്ടുടുത്ത ദിവസംതന്നെ വികാരിമാറ്റ റിപ്പോർട്ട് ഒപ്പിട്ട് അതിരൂപതാ കച്ചേരിയിലേക്ക് ഒരു കോപ്പി അയച്ചുതരണം. ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കണം. സ്ഥലംമാറുന്ന വികാരിമാർക്ക് പത്തോന്തിയോടൊപ്പം വികാരിമാറ്റ റിപ്പോർട്ടിന്റെ ഓരോ ഫോം കൂടി അയക്കുന്നുണ്ട്. കുരിശുപ്പള്ളികൾ ഉള്ളവർ പ്രസ്തുത ഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് ഉപയോഗിക്കേണ്ടതാണ്.

സ്ഥലംമാറ്റം മാസാവസാനം ആയതുകൊണ്ട് ജൂൺ മാസത്തെ അലവൻസ് മാറിപ്പോകുന്ന സ്ഥലത്തുനിന്ന് സ്വീകരിക്കേണ്ടതാണ്.

**2. ആണ്ട് തിരട്ട് പൊതുയോഗം**

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ നിലവിലുള്ള സാഹചര്യത്തിൽ വാർഷികപൊതുയോഗം ചേരാനുള്ള സാധ്യത ഇല്ലാത്തതുകൊണ്ട് വാർഷികകണക്ക് 2020 ജൂൺ 7-ാം തീയതി ഞായറാഴ്ചക്കു മുമ്പായി പഴയ പാരീഷ്കൗൺസിലിന്റെ യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായി ആവശ്യമെങ്കിൽ പാരീഷ്കൗൺസിൽ അംഗങ്ങളെ പലയോഗങ്ങളിലായി വിളിച്ചുചേർക്കാവുന്നതാണ്.

**3. പുതിയ പാരീഷ് കൗൺസിലും പുതിയ കൈക്കാരന്മാരും**

പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെയും കുടുംബ കൂട്ടായ്മ ഭാരവാഹികളുടെയും തിരഞ്ഞെടുപ്പ് പൂർത്തിയാക്കാത്ത ഇടവകകൾ ജൂൺ മാസം 7-ന് മുമ്പ് ഓരോ കുടുംബകൂട്ടായ്മ വാർഡുകളിലേക്കും

ബാലറ്റുപേപ്പർ നല്കി. കുടുംബകൂട്ടായ്മ ഭാരവാഹികളായി 5 പേരെയും അവരിൽനിന്ന് രണ്ട് പാരീഷ്കൗൺ സിൽ അംഗങ്ങളെയും തിരഞ്ഞെടുക്കണം. ഔദ്യോഗിക അംഗങ്ങളെയും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളെയും ചേർത്ത് പുതിയ പാരീഷ്കൗൺസിൽ രൂപീകരിച്ച് ആദ്യയോഗം ജൂൺ 7-ന് മുമ്പ് ചേരണം. പ്രഥമയോഗത്തിൽ വച്ച് അടുത്ത മൂന്നുവർഷത്തേക്കുള്ള ഇടവക കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെടാവുന്ന മൂന്നുപേരുടെ പേരുകൾ പാരീഷ്കൗൺസിൽ നിർദ്ദേശിക്കുകയും അവരിൽ ഒരാളെ വികാരിയച്ചൻ കോഡിനേറ്ററായി നിയമിക്കുകയും ചെയ്യണം. വിശദവിവരങ്ങൾക്ക് 2020 ജനുവരി ലക്കം ഗിരിദീപം പേജ് 22-25 കാണുക.

**കൈക്കാരന്മാർ:** ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ പുതിയ പാരീഷ് കൗൺസിലിൽ നിന്ന് രണ്ടുപേരെ കൈക്കാരന്മാരായി തിരഞ്ഞെടുക്കുകയും അടുത്ത ആറുമാസത്തേക്കുള്ള ചുമതല ഏല്പിക്കുകയും ചെയ്യാവുന്നതാണ്. ബാക്കി രണ്ട് കൈക്കാരന്മാരെ സാഹചര്യങ്ങൾ അനുകൂലമാവുകയാണെങ്കിൽ പൊതുയോഗം ചേർന്ന് പിന്നീട് തിരഞ്ഞെടുക്കാം.

## 4. ആണ്ട്തിരട്ട് പാസ്സാക്കൽ ജൂൺ 9, 10 തീയതികളിൽ

ആണ്ട്തിരട്ട് പരിശോധിച്ച് അംഗീകരിക്കുന്നതിനായി ബഹു. വികാരി ജനറാളച്ചന്മാരും കൂരിയ അംഗങ്ങളും ജൂൺ 9,10 (ചൊവ്വ, ബുധൻ) ദിവസങ്ങളിലായി ഫൊറോന കേന്ദ്രങ്ങളിൽ എത്തുന്നതാണ്. ഒരു ഫൊറോനയ്ക്ക് അരദിവസം വീതമാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. രാവിലെ 9 മണിക്കും ഉച്ചകഴിഞ്ഞ് 2 മണിക്കും ഓഡിറ്റിങ്ങ് ആരംഭിക്കും. രാവിലെ സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടെയും ഉച്ചകഴിഞ്ഞ് സമയം കിട്ടിയിരിക്കുന്ന എല്ലാവരും 2 മണിക്കും ഫൊറോന കേന്ദ്രത്തിൽ എത്തിച്ചേരാൻ ശ്രദ്ധിക്കണം.

## പരിശോധനക്കായി കൊണ്ടുവരേണ്ടവ

1. വാർഷിക പൊതുയോഗത്തിനുപകരം ചേർന്ന പാരീഷ് കൗൺസിൽ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം.
2. പ്രസ്തുതയോഗത്തിന്റെ മിനിട്സിന്റെ അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. കൈക്കാരന്മാരെ തിരഞ്ഞെടുത്ത പുതിയ പാരീഷ് കൗൺസിൽ യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകവും അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പിയും.

5. 2020-2021 വർഷത്തേക്കുള്ള ബജറ്റ് - 2 കോപ്പി
6. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രശീതുകൾ.
7. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ്, കോഡിനേറ്റർ, പാരീഷ് കൗൺസിൽ സെക്രട്ടറി എന്നിവരുടെ പേരുകൾ.
8. പി.പി.എഫിലേക്കുള്ള 2020 ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.

**പ്രത്യേകശ്രദ്ധയ്ക്ക്**

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ മാർച്ച് 31 വരെയുള്ള കണക്കുകൾ ഇനിയും അപ് ലോഡ് ചെയ്യാത്തവർ ഉടനെ ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും.
3. പതിനായിരം രൂപക്ക് മുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ് വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റ ചെക്കിലും നല്കാവുന്നതാണ്.

ഓരോ ഫൊറോനയ്ക്കും നിശ്ചയിച്ചിരിക്കുന്ന സമയക്രമം ചേർക്കുന്നു

| തീയതി | സമയം | ഫൊറോനകൾ |
|---|---|---|
| 9.06.2020 | രാവിലെ 09-12.30 ചൊവ്വ | തോമാപുരം, ചെറുപുഴ, തളിപ്പറമ്പ്, പേരാവൂർ |
| 9.06.2020 | ഉച്ചകഴിഞ്ഞ് 02-05 ചൊവ്വ | വെള്ളരിക്കുണ്ട്, മേരിഗിരി, ചെമ്പന്തൊട്ടി, എടൂർ |
| 10.06.2020 | രാവിലെ 09-12.30 ബുധൻ | പനത്തടി, ആലക്കോട്, ചെമ്പേരി, നെല്ലിക്കാംപൊയിൽ |
| 10.06.2020 | ഉച്ചകഴിഞ്ഞ് 02-05 ബുധൻ | കാഞ്ഞങ്ങാട്, വായാട്ടുപറമ്പ്, പൈസക്കരി, കുന്നോത്ത് |

## 5. ഓഡിറ്റർമാരിൽനിന്നുള്ള അറിയിപ്പ്

1. ഒരാളുടെ പക്കൽനിന്നും ഇരുപതിനായിരം രൂപയുടെയോ അതിൽ കൂടുതലോ ഉള്ള കടം വാങ്ങലുകളും കടം വീട്ടലുകളും അക്കൗണ്ടിൽ നിക്ഷേപിക്കാവുന്ന ചെക്കുകളായോ ബാങ്ക് ട്രാൻസ്ഫർ മുഖേനയോ മാത്രമേ നടത്താൻ പാടുള്ളൂ. മുൻപ് എപ്പോഴെങ്കിലും വാങ്ങിയ

ലോണിന്റെ ബാലൻസ് ബാക്കി നില്ക്കുന്നുണ്ടെങ്കിൽ അതടക്കമുള്ള തുകയാണ് 20000/-

2. പതിനായിരം രൂപക്ക് മുകളിലുള്ള ധനവിനിയോഗം ചെക്കോ ബാങ്ക് ട്രാൻസ്ഫറോ വഴി മാത്രമേ പാടുള്ളൂ.
3. രണ്ടുലക്ഷമോ അതിൽ കൂടുതലോ ഉള്ള സംഭാവനകൾ പണമായി സ്വീകരിക്കാൻ പാടില്ല.
4. ഇൻകം ടാക്സ് അധികാരികളിൽനിന്നും വരുന്ന ഇ-മെയിൽ, എസ്.എം.എസ്. കത്ത് എന്നിവ ഉടനടി ഓഡിറ്റർക്ക് കൈമാറണം. ഇൻകം ടാക്സ് വകുപ്പിൽനിന്ന് ഈ ദിവസങ്ങളിൽ പല പള്ളികൾക്കും കത്തുകൾ വരാൻ സാധ്യതയുണ്ട്. ലഭിച്ചാലുടൻ ഓഡിറ്ററുമായി ബന്ധപ്പെടണം.
5. എല്ലാ ഇടവകകൾക്കും സ്വന്തമായി ഒരു ഇ-മെയിൽ വിലാസവും മൊബൈൽ നമ്പറും ഉണ്ടാവണം. അത് രൂപതയിലും ഓഡിറ്റേഴ്സിനെയും അറിയിക്കണം.

## 6. കൂരിയായിലേക്കുള്ള അപേക്ഷകൾ

ലോക്ഡൗൺ നിയന്ത്രണങ്ങൾ മൂലം കൂരിയായിൽ നേരിട്ടെത്തിയോ തപാൽമാർഗ്ഗമോ അനുവാദം വാങ്ങാൻ സാധിക്കാത്തവർക്ക് curiaadtly@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അരമനപത്രത്തിലെഴുതി വികാരിയച്ചന്റെ ശുപാർശയും ഒപ്പും സീലും ഉള്ള അപേക്ഷകൾ സ്കാൻ ചെയ്ത് അയച്ചാൽ മറുപടി നല്കുന്നതാണ്. സാധിക്കുന്നിടത്തോളം പള്ളിയുടെയോ വികാരിയച്ചന്റെയോ ഈ-മെയിൽ വിലാസം ഉപയോഗിക്കണം.

## 7. ആദരാഞ്ജലികൾ

**ഫാ. ജേക്കബ്ബ് പുത്തൻപുര (83) :** അവിഭക്ത തലശ്ശേരി അതിരൂപതയിലെ ആദ്യകാല വൈദികരിലൊരാളും താമരശ്ശേരി



രൂപതാംഗവുമായ ഫാ. ജേക്കബ്ബ് പുത്തൻപുര 2020 മെയ് 12-ന് നിര്യാതനായി. ഈരൂഡ് വിയാനി മന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. മാനന്തവാടി രൂപതയിലെ മരക്കടവ്, മരകാവ്, തലശ്ശേരി അതിരൂപതയിലെ മണിക്കടവ്, പെരുമ്പുന്ന, ചെമ്പൻതൊട്ടി, വെളിമാനം, ചെമ്പേരി, നെല്ലിക്കാംപൊയിൽ, കിളിയന്തറ, താമരശ്ശേരി രൂപതയിലെ തിരുവമ്പാടി, കുളത്തുവയൽ, ചക്കിട്ടപാറ, പാറോപ്പടി, തേഞ്ഞിപ്പാലം,

കണ്ണോത്ത്, വിളക്കാംതോട്, വാലില്ലാപ്പുഴ, ഈരൂഡ്, മരഞ്ചാട്ടി എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷ 2020 മെയ് 13ന് ഈരൂഡ് ദൈവാലയ സെമിത്തേരിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് സംസ്കാര കർമ്മങ്ങളിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട ജേക്കബ്ബ് പുത്തൻപുരയച്ചന് നിത്യശാന്തി നേരുന്നു.

## 8. സ്നേഹസ്മൃതി

1. റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ - 01-06-1963
2. റവ. ഫാ. റാഫേൽ തറയിൽ - 03-06-2007
3. റവ. ഫാ. സിറിയക് ചെമ്മാഴം - 04-06-1985
4. റവ. ഫാ. മാത്യു വില്ലന്താനം - 05-06-2015
5. റവ. ഫാ. തോമസ് കാട്ടൂർ - 08-06-1977
6. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 09-06-1986
7. റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. - 10-06-1982
8. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ - 10-06-1994
9. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര - 11-06-2005
10. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ - 15-06-2015
11. റവ. ഫാ. പോൾ മൂശാരിയേട്ട് - 19-06-2006
12. റവ. മോൺ. ജേക്കബ് വാരികാട്ട് - 21-06-2001
13. റവ. ഫാ. ജോസഫ് അടിപുഴ - 21-06-2008
14. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. - 24-06-1974
15. റവ. മോൺ. വർക്കി കുഴികുളത്തിൽ - 24-06-2009
16. റവ. ഫാ. അബ്രാഹം ആനശ്ശേരിൽ - 24-06-2019
17. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമൊളിയേക്കൽ സി.എം.ഐ. - 25-06-1970
18. റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. - 24-06-2003
19. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 26-06-1986
20. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. - 28-06-2004
21. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. - 30-06-2007

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നല്കുന്ന നിസ്വാർത്ഥമായ സേവനത്തെ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയ പ്രവർത്തന വർഷം കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുവാൻ സാധിക്കുന്നതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനകേന്ദ്രവും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മതാപിതാക്കളും കുട്ടികളും ഒരു മനസ്സോടെ പരിശ്രമിച്ചുകൊണ്ട് സഭയുടെ ഈ ദൗത്യം വിജയകരമാക്കാം.

ലോക്ഡൗണിന്റെ പ്രത്യേക സാഹചര്യത്തിലാണല്ലോ നാം. ലോക്ഡൗൺ പിൻവലിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് പുതിയ പ്രവർത്തന വർഷം സംബന്ധിച്ച തീരുമാനങ്ങൾ അറിയിക്കുവാൻ വൈകിയത്. ബഹു. ഫൊറോന വികാരിയച്ചന്മാരുമായും വൈദികരുമായും ഫൊറോന പ്രസിഡന്റുമാരുമായും Zoom Conference നടത്താൻ മാത്രമാണ് നമുക്കു സാധിച്ചത്. അവരിൽനിന്ന് പല നിർദ്ദേശങ്ങളും ലഭിച്ചു. മാത്രമല്ല ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും ഫോൺവിളിച്ചും വാട്സ് ആപ്പ് സന്ദേശങ്ങളായും പല നിർദ്ദേശങ്ങളും നല്കുകയുണ്ടായി. അവയുടെ വെളിച്ചത്തിൽ അഭിവന്ദ്യ പിതാക്കന്മാരുമായും അതിരൂപതാ നേതൃത്വവുമായും നടത്തിയ കൂടിയാലോചനകളുടെ ഫലമായി രൂപപ്പെട്ട ചില നിർദ്ദേശങ്ങളും തീരുമാനങ്ങളും അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

## 1. പ്രവർത്തനവർഷ ഉദ്ഘാടനം

2020 ജൂൺ 7-നാണ് പുതിയ പ്രവർത്തനവർഷം ആരംഭിക്കുന്നത്. അന്നേദിവസം രാവിലെ 6.30ന് അതിരൂപതയുടെ Facebook പേജിലൂടെയും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനലിലൂടെയും വർഷാരംഭത്തോടനുബന്ധിച്ചുള്ള പ്രത്യേക വി. കുർബാന സംപ്രേക്ഷണം ചെയ്യുന്നതാണ്. എല്ലാ വിശ്വാസപരിശീലകരും കുട്ടികളും പ്രസ്തുത കുർബാനയിൽ പങ്കുചേരാൻ ശ്രദ്ധിക്കണം. വി. കുർബാനയ്ക്കുശേഷം പുതിയ അധ്യായന വർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിക്കുന്നതാണ്. സാഹചര്യം അനുകൂലമാണെങ്കിൽ ഇടവകാതലത്തിലും ഉദ്ഘാടനം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## 2. DomusCat (വിശ്വാസപരിശീലനം ഭവനങ്ങളിൽ)

അതാതു ക്ലാസ്സുകളിൽ ഒരുമിച്ചുകൂടി (റെഗുലർ സൺഡേസ്കൂൾ) വിശ്വാസപരിശീലനം നടത്തുവാൻ ഇപ്പോഴത്തെ സാഹചര്യം നമ്മെ അനുവദിക്കുന്നില്ല. എങ്കിലും കുട്ടികളുടെ വിശ്വാസവളർച്ചയ്ക്കും ജീവിതത്തിനും അനിവാര്യമായ വിശ്വാസപരിശീലനം തുടർന്നുപോകേണ്ടതുണ്ട്. കുടുംബമാണ് "പ്രഥമ വിശ്വാസപരിശീലനകളരി" എന്നത് നമുക്ക് അറിവുള്ളതാണല്ലോ. ഈ വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കുടുംബങ്ങൾ കേന്ദ്രീകരിച്ച് (റെഗുലർ സൺഡേസ്കൂൾ ക്ലാസ്സുകൾ തുടങ്ങുന്നതുവരെ) നമുക്കാരംഭിക്കാം. വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് പതിനാറു ഫൊറോനകളിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസപരിശീലകരാണ് ഓരോ ക്ലാസ്സിലേക്കും വേണ്ടുന്ന പാഠഭാഗങ്ങൾ തയ്യാറാക്കുന്നത്. ഓരോ ഞായറാഴ്ചത്തേക്കും വേണ്ടുന്ന ക്ലാസ്സുകൾ Youtube ചാനൽവഴിയും വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴിയും ലഭ്യമാക്കുന്നതാണ്.

## 3. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പ്രത്യേക നിർദ്ദേശങ്ങൾ

a. രണ്ടു സെമസ്റ്ററുകളിലെ മാർക്കിന്റെ വെളിച്ചത്തിൽ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കി കുട്ടികളെ അറിയിക്കുക.

b. ക്ലാസ്സ് അധ്യാപകരും കുട്ടികളും മാത്രമുള്ള വാട്ട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുക. വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പഠന ക്ലാസ്സുകൾ, അറിയിപ്പുകൾ മുതലായവ ഈ ഗ്രൂപ്പിലേക്ക് അയച്ചുകൊടുക്കുക.

c. എല്ലാ വിശ്വാസപരിശീലകർക്കും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി പഠനക്ലാസ്സുകളുടെ വീഡിയോയും മറ്റ് അറിയിപ്പുകളും നല്കുന്നതാണ്.

d. എല്ലാ വിശ്വാസപരിശീലകരും സാധിക്കുന്നിടത്തോളം എല്ലാ വിദ്യാർത്ഥികളും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ Youtube ചാനൽ Subscribe ചെയ്യണം.

e. സർക്കാർ അനുമതി നല്കുകയാണെങ്കിൽ (വി. കുർബാന, ക്ലാസ്സ്, മീറ്റിംഗുകൾ) നിർദ്ദേശിക്കുന്ന എണ്ണം അനുസരിച്ച് വ്യത്യസ്ത സമയങ്ങളിൽ പല ഗ്രൂപ്പുകളായി ക്ലാസ്സുകൾ നടത്തുവാൻ ശ്രമിക്കാവുന്നതാണ്.

f. ജൂൺ 7-ന് മുമ്പായി ഒന്നാം ക്ലാസ്സിലേക്കുള്ള അഡ്മിഷൻ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ (കുട്ടികളെ കൊണ്ടുവരേണ്ടതില്ല).

## 4. സ്റ്റാഫ് മീറ്റിംഗ്

സൺഡേസ്കൂൾ വർഷാരംഭത്തിനുമുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും (Zoom Conference, Google meet etc.) സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയന വർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യണം.

## 5. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്

2020-2021 പ്രവർത്തനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സൺഡേസ്കൂൾ റെഗുലർ ക്ലാസ്സുകൾ ആരംഭിച്ചതിനുശേഷമായിരിക്കും നടത്തുക (തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും).

## 6. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ തന്നെ ലഭ്യമായിട്ടുള്ള സാധ്യതകൾ ഉപയോഗിച്ച് ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ് മുതലായവ ഓഫീസി ലേക്ക് അയച്ച് തരേണ്ടതാണ്.

## 7. പാഠപുസ്തക വിതരണം

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഓഫീസിൽ ഇപ്പോൾ ലഭ്യമാണ്. കുട്ടികളുടെ പ്രൊമോഷൻ ലിസ്റ്റും ക്ലാസ്സ് ഫിക്സേഷനും പെട്ടെന്നുതന്നെ പൂർത്തിയാക്കി കുട്ടികളെ ഫോൺ വിളിച്ച് ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ക്ലാസ്സുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ഫൊറോന പ്രസിഡന്റിനെ അറിയിക്കണം. ഫൊറോന പ്രസിഡന്റും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്. **കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഓരോ ഇടവകയ്ക്കും പ്രത്യേകമായി പാഠപുസ്തകങ്ങൾ ഓഫീസിൽ നിന്നും നല്കുന്നതല്ല.** മെയ് 25 മുതൽ ജൂൺ 6 വരെയുള്ള തീയതികളിൽ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്. ഉപപാഠപുസ്തകങ്ങൾ പിന്നീട് ഫൊറോനാകേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

## 8. പാഠപുസ്തകങ്ങളുടെ വില

ക്ലാസ്സ് I - IV - 30 രൂപ
ക്ലാസ്സ് V - XII - 35 രൂപ

## 9. ASPCT പരീക്ഷ

"വിശ്വാസവഴിയിലെ സംശയങ്ങൾ" എന്ന പുസ്തകത്തെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് നടത്തിയ പരീക്ഷയിൽ 1366 അധ്യാപകർ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും പ്രോത്സാഹനം നല്കിയ ബഹു. വൈദികർക്കും ഹൃദയപൂർവ്വം നന്ദി.

## ASPCT പരീക്ഷാഫലം

| അതിരൂപത റാങ്ക് ലിസ്റ്റ് | ഇടവക | റാങ്ക് | മാർക്ക് |
|---|---|---|---|
| 1. സി. ഹെലൻ FCC | വിമലശ്ശേരി | ഒന്നാം റാങ്ക് | 97 |
| 2. ഷൈനി തോമ്പുന്നയിൽ | കുമ്പള | രണ്ടാം റാങ്ക് | 96 |
| 3. സി. അർച്ചന CMC | നെല്ലിക്കാംപൊയിൽ | മൂന്നാം റാങ്ക് | 95 |
| 3. ആൻസി ഈരാളിയിൽ | പച്ചാണി | മൂന്നാം റാങ്ക് | 95 |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന | മാർക്ക് |
|---|---|---|---|
| 1. ബിൻസി വല്ലനാട്ട് | വിജയഗിരി | ആലക്കോട് | 93 |
| 2. റീന സെബാസ്റ്റ്യൻ ഇടമുള | കരയത്തുംചാൽ | ചെമ്പന്തൊട്ടി | 93 |
| 3. സി. ജോസ്ന ജോസ് FCC | കുടിയാന്മല | ചെമ്പേരി | 93 |
| 4. ബിൻസി കാരിത്താങ്കൽ | പുളിങ്ങോം | ചെറുപുഴ | 93 |
| 5. സി. ആൻമരിയ FCC | കരിക്കോട്ടക്കരി | എടൂർ | 93 |
| 6. ഷൈനി തോമ്പുന്നയിൽ | കുമ്പള | കാഞ്ഞങ്ങാട് | 96 |
| 7. സി. എലിസബത്ത് മരിയ CMC | പേരട്ട | കുന്നോത്ത് | 93 |
| 8. സി. ഹെലൻ FCC | വിമലശ്ശേരി | മേരിഗിരി | 97 |
| 9. സി. അർച്ചന CMC | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | 95 |
| 10. സി. ലിസാ റോസ് MSMI | ചന്ദനക്കാംപാറ | പൈസക്കരി | 93 |
| 11. ജോൺ കലയംകണ്ടത്തിൽ | പടുപ്പ് | പനത്തടി | 93 |
| 12. സി. ജ്യോതിസ് മരിയ SH | എടത്തൊട്ടി | പേരാവൂർ | 94 |
| 13. റാണിറ്റ കൊച്ചുകുന്നേൽ | തളിപ്പറമ്പ് | തളിപ്പറമ്പ് | 94 |
| 14. സി. ആൻതെരേസ് MLF | ചട്ടമല | തോമാപുരം | 94 |
| 15. ഷീനാമ്മ പടിഞ്ഞാറേടം | കരുവഞ്ചാൽ | വായാട്ടുപറമ്പ് | 93 |
| 16. ബീന ബേബി അമ്പഴത്തിനാൽ | കൊന്നക്കാട് | വെള്ളരിക്കുണ്ട് | 93 |

## 10. ASPCT പ്രബന്ധം

"വിവാഹവും കുടുംബജീവിതവും ക്രിസ്തീയ വീക്ഷണത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി 621 അധ്യാപകർ പ്രബന്ധരചന നടത്തി. എല്ലാവർക്കും അഭിനന്ദനങ്ങൾ. സമ്മാനാർഹമായ പ്രബന്ധം തയ്യാറാക്കിയ മൂന്ന് വിശ്വാസപരിശീലകർ.

1. സി. വിനീത ജോസ് SCJG - അമ്മംകുളം
2. സി. ദീപാ റോസ് NS - മണിക്കടവ്
3. സി. ജ്യോതിസ്  CMC - ഇരിട്ടി

## 11. ASPCT പരീക്ഷ, പ്രബന്ധം പങ്കെടുത്തവർ

| ഫൊറോന | പരീക്ഷ | പ്രബന്ധം | ആകെ |
|---|---|---|---|
| 1. ആലക്കോട് | 67 | 49 | 116 |
| 2. ചെമ്പന്തൊട്ടി | 81 | 18 | 99 |
| 3. ചെമ്പേരി | 76 | 43 | 109 |
| 4. ചെറുപുഴ | 109 | 6 | 115 |
| 5. എടൂർ | 48 | 56 | 104 |
| 6. കാഞ്ഞങ്ങാട് | 103 | 32 | 135 |
| 7. കുന്നോത്ത് | 76 | 28 | 104 |
| 8. മേരിഗിരി | 65 | 39 | 104 |
| 9. നെല്ലിക്കാംപൊയിൽ | 128 | 71 | 199 |
| 10. പൈസക്കരി | 87 | 25 | 112 |
| 11. പനത്തടി | 82 | 28 | 110 |
| 12. പേരാവൂർ | 136 | 41 | 177 |
| 13. തളിപ്പറമ്പ് | 32 | 36 | 68 |
| 14. തോമാപുരം | 110 | 34 | 144 |
| 15. വായാട്ടുപറമ്പ് | 82 | 20 | 102 |
| 16. വെള്ളരിക്കുണ്ട് | 93 | 95 | 188 |

## 12. വചനദീപ്തി ഓൺലൈൻ പരിശീലനം

വിശ്വാസപരിശീലകർക്കായി നടത്തിയ വചനദീപ്തി ഓൺലൈൻ പരിശീലനപദ്ധതിയിൽ 1901 അധ്യാപകർ പങ്കെടുത്തു. അവധിക്കാലം അറിവ് സമ്പാദിക്കാനുള്ള അവസരമാക്കിമാറ്റിയ എല്ലാ വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദിയും അനുമോദനങ്ങളും.

## 13. ആമുഖ സെമിനാർ ജൂലൈ 10-13

വിശ്വാസപരിശീലകർക്കായി ജൂലൈ 10 മുതൽ 13 വരെയുള്ള തീയതികളിൽ ആമുഖ സെമിനാർ സന്ദേശഭവനിൽവച്ച് സംഘടിപ്പിക്കുന്നു. സെമിനാർ 10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 13-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും. സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 30ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60-ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നല്ല.

## 14. സഭാവിജ്ഞാനീയ ക്വിസ്സ്

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ നടത്തുന്നതായിരിക്കും.

## 15. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം ജൂലൈ മാസത്തിലായിരിക്കും നടത്തുക. തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 16. അവാർഡുകൾ, സ്കോളർഷിപ്പുകൾ, ജൂബിലി

അധ്യാപകർക്കും കുട്ടികൾക്കും ഹാജരിനുള്ള സമ്മാനം, ഏറ്റവും നല്ല വിശ്വാസപരിശീലകനുള്ള സുവർണ്ണ ജൂബിലി മെമ്മോറിയൽ അവാർഡ്, രജത ജൂബിലി ആഘോഷിക്കുന്ന അധ്യാപകർക്കുള്ള അവാർഡ്, ജൂബിലി ആഘോഷിക്കുന്നവർ, റിട്ടയർ ചെയ്യുന്നവർ തുടങ്ങിയവയുടെ പേരുവിവരങ്ങളും ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷയും ഇനിയും നല്കാത്തവർ എത്രയുംപെട്ടെന്ന് തന്നെ ഓഫീസിൽ നല്കേണ്ടതാണ് (വിശദവിവരങ്ങൾക്ക് മെയ് മാസത്തെ ഗിരിദീപം കാണുക).

## 17. Power Point Presentation മത്സരം

വിശ്വാസപരിശീലന ക്ലാസുകൾ കാലഘട്ടത്തിനനുസരിച്ച് മാധ്യമ സഹായത്തോടെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നതിനുവേണ്ടി 'Power Point Presentation' മത്സരം നടത്തുന്ന വിവരം അറിയിച്ചിരുന്നല്ലോ. ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാ ക്ലാസുകളുടെയും Power Point നിർമ്മിക്കുവാനും അതുവഴി ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും ശ്രദ്ധിക്കുമല്ലോ. **ഒരു ക്ലാസിലെ മുഴുവൻ പാഠങ്ങളുടെയും Power Point തയ്യാറാക്കിയവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.** തയ്യാറാക്കിയ Power Point എത്രയും പെട്ടന്ന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്.

E-mail ID: catechesistly@gmail.com

## 18. മോഡൽ ക്ലാസ്സുകൾ

ലോക്ഡൗൺ കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ സമയം മറ്റുള്ളവർക്കുകൂടി ഉപകാരപ്രദമാക്കുവാൻ ഒരവസരം വിശ്വാസപരിശീലന കേന്ദ്രം ഒരുക്കുന്നു.

**വിശ്വാസപരിശീലകർ ചെയ്യേണ്ടത്:** Sign Method അനുസരിച്ച് ബോധനോപാധികളുടെ സഹായത്തോടെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്ന അധ്യായത്തെ ആസ്പദമാക്കി അരമണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ് ഒരുങ്ങുക. ക്ലാസ്സെടുക്കുന്നതിന്റെ വീഡിയോ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിലേക്ക് അയച്ചുതരിക. നന്നായി എടുക്കുന്ന ക്ലാസ്സുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നല്കുന്നതാണ്.

**ലക്ഷ്യം:** അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും പാഠപുസ്ത കത്തിലെ എല്ലാ അധ്യായങ്ങളുടെയും മോഡൽ ക്ലാസ്സുകളുടെ വീഡിയോ നല്കുക.

## 19. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. ലോക്ഡൗൺ കാലഘട്ടത്തിൽ വിശ്വാസപരിശീലനം ഓൺലൈനായി നാം നടത്തുമ്പോൾ ഈ വെബ്സൈറ്റ് കൂടുതൽ ഉപകാരപ്രദമാണെന്ന കാര്യം ഓർമ്മിക്കുമല്ലോ.

## 20. വിവിധ കുടിശികകൾ

2019-2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടച്ച് സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 21. ദിയാക്കോണിയ

ജൂൺ - ജൂലൈ മാസങ്ങളിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ

1) കാർഷിക സെമിനാർ
   a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കളത്തോട്ടവും
   c) ജൈവവളത്തിന്റെ പ്രാധാന്യം
2) ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5) കൃഷി പാഠം 6) നാട്ടറിവ് 7) ന്യൂനപക്ഷ അവകാശങ്ങൾ

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ** — അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ** — ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

### കുടുംബകൂട്ടായ്മ ഓഫീസിൽനിന്ന് ആശംസകൾ

ഭാവനയിൽപോലും ഒരിക്കലും കടന്ന് വന്നിട്ടില്ലാത്ത മഹാമാരിയുടെ ദുരന്തം നമ്മുടെ ജീവിതങ്ങളിൽ തോരാമഴപോലെ പെയ്തു കൊണ്ടിരിക്കുന്നു. മഴ പെയ്യുമ്പോൾ നനയാതിരിക്കാൻ കുട നിർമ്മിച്ച് കണ്ടുപിടിച്ച് ഉപയോഗിച്ചതുപോലെ ഈ നൊമ്പരമഴയിൽ ജീവിതം നനഞ്ഞുതീരാതെ മുമ്പോട്ട് പോകുവാൻ പുതിയ ജീവിതശൈലികളുടെ കുട നാം തുറക്കണം. കോറോണ നമുക്ക് സമ്മാനിച്ച ഏറ്റവും വലിയ ദുരന്തം സാമ്പത്തിക തകർച്ചയാണ്. വലിയ ദാരിദ്ര്യത്തിലൂടെ നാം കടന്ന് പോകേണ്ടിവരും. സാമ്പത്തിക പ്ലാനിംഗും സാമ്പത്തിക അച്ചടക്കവും ഓരോ വ്യക്തികളും പാലിക്കണം. അതിന് സഹായകരമാകുന്ന ചില നിർദ്ദേശങ്ങൾ പങ്കുവയ്ക്കുകയാണ്. ഇതു കുടുംബകൂട്ടായ്മയിൽ ചർച്ചകൾക്കും ചിന്തകൾക്കും ഇടയാകട്ടെ. ഇതിൽ നല്ലതെന്ന് തോന്നുന്നവ സ്വീകരിച്ച് സാമ്പത്തികമായി ക്രമീകരിച്ചാൽ ദുരിതകാലങ്ങളെ അതിജീവിക്കാൻ സഹായകരമാകും.

### I. വ്യക്തിപരമായ ക്രമീകരണങ്ങൾ

1) വളരെയധികം സാമ്പത്തിക ഞെരുക്കം നമ്മളെ കാത്തിരിക്കുന്നതിനാൽ ഓരോ വ്യക്തിയും സാമ്പത്തിക അച്ചടക്കം പരിശീലിക്കണം.
2) സാധനങ്ങൾ വാങ്ങിക്കുമ്പോൾ, ആർഭാടം, ആവശ്യം, അത്യാവശ്യം എന്ന രീതിയിൽ വിഭജിച്ച് അത്യാവശ്യകാര്യങ്ങൾ മാത്രം ഇപ്പോൾ വാങ്ങിക്കുക. (ഭക്ഷണം, മരുന്ന്, വസ്ത്രം, നിത്യോപയോഗ സാധനങ്ങൾ etc.) ആവശ്യസാധനങ്ങൾ (ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ആഘോഷവസ്ത്രങ്ങൾ), പണം ഉണ്ടെങ്കിൽ പിന്നിടാകാം. ആർഭാടങ്ങൾ ഈ വർഷം വേണ്ട (സ്വർണ്ണം, പുതിയ വീട്, പുതിയ വാഹനങ്ങൾ തുടങ്ങിയവ വാങ്ങിക്കുന്നതും വിനോദ-ദൂര യാത്രകളും,).
3) സ്വന്തം വീട്ടിൽ ഭക്ഷിക്കാനുള്ളവ സ്വന്തം വീട്ടുമുറ്റത്ത് നിന്നോ അല്ലെങ്കിൽ കൂട്ടായപ്രവർത്തനത്തിലൂടെയോ ഉല്പാദിപ്പിക്കണം. ഭക്ഷ്യസുരക്ഷ നേടിയെടുക്കണം.

4. മിതവ്യയ ശീലവും സമ്പാദ്യശീലവും വളർത്തിയെടുക്കുവാൻ നിക്ഷേപ പദ്ധതികളിലോ, ചിട്ടികളിലോ പണം നിക്ഷേപിക്കുവാൻ പരിശീലി പ്പിക്കണം.
5. വീട്ടിലേക്ക് ആവശ്യമായ പാൽ, മുട്ട, ഇറച്ചി, ഇവ നമുക്കു തന്നെ ഉൽപ്പാദിപ്പിക്കാം. ഒരു പശുവിനെ വളർത്താൻ പരിശ്രമിക്കണം.
6. സ്ഥലം വെറുതെ പാഴായി ഇടരുത്. എന്തെങ്കിലും കൃഷിപ്പണികൾക്കു സ്വയം ഉപയോഗിക്കുകയോ, മറ്റുള്ളവർക്ക് കൊടുക്കുകയോ വേണം.

## II. പങ്കുവെയ്ക്കൽ

"രാജ്യം നിങ്ങൾക്ക് വേണ്ടി എന്ത് ചെയ്തു എന്നല്ല, മറിച്ച് നിങ്ങൾ രാജ്യത്തിന് വേണ്ടി എന്തുചെയ്തു എന്ന് ചോദിക്കണമെന്ന്" അമേരിക്കൻ പ്രസിഡന്റ് ജോൺ കെന്നഡിയുടെ പ്രശസ്തമായ വാചകം ഓർമ്മയിൽ സൂക്ഷിക്കണം. സർക്കാരോ സഭയോ ഒത്തിരി ചെയ്യുമെന്ന് നാം പ്രതീക്ഷിക്കരുത്. അവർക്ക് പരിമിതിയുണ്ട്. ചെയ്തതിനെല്ലാം നന്ദിയും സ്നേഹവും ഉള്ളവരാകാം. പക്ഷേ നമ്മൾ ഓരോരുത്തരും പരസ്പരം സഹായിക്കുവാൻ തുടങ്ങിയാൽ കുറേ പ്രശ്നങ്ങൾ നമുക്കുതന്നെ പരിഹരിക്കാം.

1) ഒരു കുടുംബകൂട്ടായ്മയിൽ ആവറേജ് ഇരുപതു വീടുകൾ ഉണ്ട്. സാമ്പത്തികമായി ദുരിതമനുഭവിക്കുകയും എന്നാൽ പുറത്തുപറയാൻ മടിക്കുകയും ചെയ്യുന്ന ആളുകളെ കൂട്ടായ്മയിൽ നിന്ന് കണ്ടെത്തി സഹായിക്കുവാൻ കുറച്ച് പേർ വ്യക്തിപരമായി തയ്യാറായാൽ നന്നായിരിക്കും.
2) ജോലിയുള്ളവരോ, സ്ഥിരമായ വരുമാനം ഉള്ളവരോ ആയ ആളുകൾ തങ്ങളുടെ ദശാംശം മാറ്റിവെച്ചാൽ കടമായി എങ്കിലും ചെറിയ തുക അത്തരക്കാർക്ക് കൊടുത്ത് കൈത്താങ്ങാകുവാൻ സാധിക്കും. അഞ്ച് പേരെങ്കിലും ഒരു കൂട്ടായ്മയിൽ ഇതിന് സന്നദ്ധരാകുമല്ലോ.
3) നിങ്ങളുടെ പക്കലുള്ള അഞ്ചപ്പവും രണ്ട് മീനും കൊണ്ടുവരുമ്പോൾ അതു അയ്യായിരം പേർക്ക് ആഹാരമായി മാറുന്ന അത്ഭുതം ഇന്നും സംഭവിക്കണം. ഉള്ളവർ കൈതുറന്നാൽ കർത്താവ് പ്രവർത്തിക്കും.
4) വീട്ടിൽ ഉണ്ടാകുന്നതും ഉണ്ടാക്കുന്നതും സമീപ ഭവനങ്ങളിലേക്കും പങ്കുവയ്ക്കണം. (ചക്ക, കപ്പ, വാഴക്കുലകൾ, പച്ചക്കറികൾ) മാറ്റാൾ പണിയിലൂടെ ഭൂമി കൃഷിയോഗ്യമാക്കണം.
5) രോഗം, അത്യാഹിതം, നഷ്ടങ്ങൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ മറ്റുള്ളവരുടെ സാമ്പത്തിക വിഷമങ്ങൾ കണ്ടെറിഞ്ഞ് സഹായിക്കണം. കൂട്ടായ്മയിലൂടെയും പങ്കുവെയ്ക്കലിലൂടെയും മാത്രമാണ് ഈ ദുരന്തത്തെ അതിജീവിക്കാനാവൂ.

## II. സാമുദായിക ബോധത്തിൽ വളരണം

1) നമ്മുടെ ആളുകൾ, ഇടത്തരക്കാരാണ്. സാമ്പത്തിക മെച്ചമുള്ളവർക്കും ജോലിയുള്ളവർക്കും പ്രശ്നങ്ങൾ കാര്യമായിട്ടില്ല. തീരെ ദരിദ്രരായവരെ സർക്കാരും സംവിധാനങ്ങളും ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യും. എന്നാൽ കർഷകരും കർഷകതൊഴിലാളികളുമായ ഇടത്തരക്കാർക്ക് വരുമാനമാർഗ്ഗങ്ങൾ കുറവാണ്. യാചിക്കുവാൻ ദുരാഭിമാനം അവരെ സമ്മതിക്കുന്നില്ല. ഇത്തരക്കാരെ നാം കണ്ടെത്തി സഹായിക്കണം.
2) അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് വരുന്നവരെയും നാം പരിഗണിക്കണം.

3) വലിയ നഗരങ്ങളിൽ ഷോപ്പിംഗിന് പോകാതെ നമ്മുടെ ഗ്രാമത്തിലെ ചെറുകടകളിൽനിന്ന് സാധനങ്ങൾ വാങ്ങിക്കുക വഴി ചെറുകിട കച്ചവടക്കാരെ നമുക്ക് സഹായിക്കാൻ സാധിക്കും.
4) നമ്മുടെ ക്രൈസ്തവ സഹോദരങ്ങളുടെ കടകളിലും, സ്ഥാപനങ്ങളിലും ബിസിനസ്സിലും നാം കൂടുതൽ താല്പര്യത്തോടെ സഹകരിക്കണം.
5) തളർന്ന് പോകുന്ന നമ്മുടെ ക്രൈസ്തവ കുടുംബത്തിലെ അംഗങ്ങളെ താങ്ങിനിർത്താൻ ശ്രമിക്കാം.

## പൊതുനിർദ്ദേശങ്ങൾ

1) ഒന്നിച്ച്കൂടുവാൻ അനുവാദം ലഭിക്കുമ്പോൾ കുടുംബകൂട്ടായ്മകൾക്ക് തീക്ഷ്ണമായ തുടക്കം കുറിക്കണം. ഒന്നിച്ചു ചേരുമ്പോഴാണ് നമ്മുടെ വിശ്വാസവും ബന്ധങ്ങളും ആഴപ്പെടുന്നത്.
2) പുതിയ ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിലേക്ക് എത്രയും വേഗം എത്തിക്കുമല്ലോ.
3) പുതിയ കോർഡിനേറ്റർമാരുടെ സമ്മേളനം സാധിക്കുമെങ്കിൽ ജൂൺ 20-ന് വിളിച്ച് ചേർക്കുവാൻ ആഗ്രഹിക്കുന്നു. അവരെ നേരിട്ട് അറിയിക്കുന്നതാണ്.
4) ജനത്തിന്റെ ദുരിതങ്ങളിൽ ആശ്വാസമാകുവാൻ അതിരൂപത ആസൂത്രണം ചെയ്യുന്ന എല്ലാ കർമ്മപദ്ധതികളോടും വളരെ താല്പര്യത്തോടെ ഓരോ കൂട്ടായ്മയും സഹകരിക്കണം.

മഹാമാരിയുടെ കാലഘട്ടത്തിൽ ഇടവകയിൽ സജീവമായി ഇടപെട്ട ബഹുമാനപ്പെട്ട വൈദികരെയും സമർപ്പിതരെയും കുടുംബകൂട്ടായ്മ ഭാരവാഹികളെയും സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. കർത്താവ് അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. നന്ദി സ്വാഗതം

ആറുമാസത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വൈദികവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനത്തിനായി ഷില്ലോംഗ് സെമിനാരിയിലേക്ക് പോകുന്ന **ബ്ര. അമൽ ചെമ്പകശ്ശേരിക്ക്** നന്ദിപറയുകയും എല്ലാ ഭാവുകങ്ങളും ആശംസകളും നേരുകയും ചെയ്യുന്നു. പുതിയ റീജൻസി ബ്രദർ ആയി ചാർജ് ഏറ്റെടുത്ത **ബ്ര. സിറിൾ ചെറുകരക്കുന്നേലിന്** ആൽഫാ ഫാമിലിയിലേക്ക് ഹൃദ്യമായ സ്വാഗതവും എല്ലാ ആശംസകളും നേരുന്നു.

## 2. ലോഗോസ് ക്വിസ് - 2020

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരം ഒക്ടോബർ 4-ാം തീയ്യതി ഉച്ച കഴിഞ്ഞ് 2.00 - 3.00 വരെയായിരിക്കും. രജിസ്ട്രേഷൻ ഓൺലൈൻ ആയി ചെയ്യേണ്ടതാണ്. Online രജിസ്ട്രേഷന് www.logosQuiz.org എന്ന വെബ് സൈറ്റ് സന്ദർശിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ ആയിരിക്കും. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2020 ജൂൺ 15-നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2020 ഓഗസ്റ്റ് 15-നും ആയിരിക്കും. വിഷയത്തിന്റെ പശ്ചാത്തലപഠനത്തിൽ താത്പര്യമുള്ളവർക്ക് ലഘുപഠനത്തിനും കഴിഞ്ഞവർഷങ്ങളിലെ ചോദ്യങ്ങൾക്കുമായി www. keralabiblesociety.com സന്ദർശിക്കാവുന്നതാണ്.

| പഠനഭാഗങ്ങൾ | |
|---|---|
| നിയമാവർത്തനം | 22-34 |
| പ്രഭാഷകൻ | 18-22 |
| മർക്കോസ് | 1-8 |
| 1 കോറിന്തോസ് | 1-8 |

## 3. ലോഗോസ് പഠനസഹായി

ഈ വർഷത്തേക്കായി ലോഗോസ് ക്വിസ്-2020 പഠനസഹായി ബൈബിൾ അപ്പസ്റ്റോലേറ്റ് പുറത്തിറക്കുന്നു. ക്വിസിനു വരുന്ന വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നുള്ള മൂവായിരത്തോളം ചോദ്യങ്ങളും മാതൃകാ ചോദ്യങ്ങളുമായി പ്രസാധനം ചെയ്യുന്ന ഈ പഠനസഹായി വി. ഗ്രന്ഥം വായിച്ച് മത്സരത്തിനായി ഒരുങ്ങുന്നവർക്ക് ഒരു കൈത്താങ്ങായിരിക്കും. 70 രൂപയാണ് പുസ്തകത്തിന്റെ മുഖവില. മുൻകൂട്ടി ഓർഡർ ചെയ്യുന്നവർക്ക് 50 രൂപ നിരക്കിൽ ലഭ്യമാക്കുന്നതാണ്. ബഹു. വികാരിയച്ചൻമാർ ഇടവകകളിൽ നിന്ന് ഓർഡറുകൾ സ്വീകരിച്ച് ബൈബിൾ അപ്പൊസ്റ്റോലേറ്റിൽ ഏൽപ്പിക്കുമല്ലോ. ബഹു. വികാരിമാരുടെയും ഇടവകാജനത്തിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു. 10 ൽ കൂടു

തൽ ഓർഡർ ചെയ്യുന്ന ഇടവകകൾക്ക് ഫൊറോന കേന്ദ്രത്തിൽ എത്തിച്ചുതരുന്നതായിരിക്കും.

## 4. റെസിഡൻഷ്യൽ ക്ലാസ്സ്

ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ റസിഡൻഷ്യൽ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

## 5. Zoom Online - ക്ലാസ്സുകൾ

ഈ വർഷത്തെ എം.റ്റി.എച്ച്, ബി.റ്റി.എച്ച് ക്ലാസ്സുകൾ കോവിഡ് - 19 ന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഓൺലൈൻ വഴിയായിരിക്കും ഉണ്ടായിരിക്കുക. എല്ലാ വിദ്യാർത്ഥികളും Zoom ആപ്ലിക്കേഷൻ ഡൗൺ ലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 6. പരീക്ഷകൾ

എം.റ്റി.എച്ച്, ബി.റ്റി.എച്ച് പരീക്ഷകൾ ഓൺലൈൻ പരീക്ഷകളായി നടത്താനുള്ള സാകര്യമുണ്ടായിരിക്കും. ഓൺലൈൻ പരീക്ഷകളുടെ ഘടനയിൽ ചെറിയ മാറ്റം വരുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. ഇനിമുതൽ ഓൺലൈൻ പരീക്ഷ നടത്തുന്നവർക്ക് തുടർന്ന് ഓൺലൈൻ വൈവ പരീക്ഷ കൂടി ഉണ്ടായിരിക്കും. 70% മാർക്ക് ഓൺലൈൻ എക്സാമിനും 30% മാർക്ക് തുടർന്നു നടത്തുന്ന വൈവ എക്സാമിനും ആയിരിക്കും.

## 7. തീസിസ് സമർപ്പണം

ഈ വർഷം BTh, MTh, IMA തീസിസുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 15 ആക്കി നീട്ടിയിരിക്കുന്നു.

## 8. കോൺവൊക്കേഷൻ സെറിമണി

ഈ വർഷത്തെ കോൺവൊക്കേഷൻ സെറിമണി നവംബർ 28-നായിരിക്കും എന്നറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. കുര്യാക്കോസ് കാരക്കാട്ട്**
അസി. ഡയറക്ടർ

**ഫാ. ഫിലിപ്പ് കവിയിൽ**
എക്സി. ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈ മധ്യവേനലവധിക്കാലം കൊറോണ എന്ന മഹാമാരിയെ പ്രാർത്ഥന കൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശ്രദ്ധിച്ചും നാം അതിജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുമ്പോൾ "മിഷനെ അറിയാം മിഷനറിയാകാം മിഷൻലീഗിലൂടെ" എന്ന 2020 - 2021 വർഷത്തെ ആപ്തവാക്യത്തെ ഹൃദത്തോട് ചേർത്ത് പ്രേഷിതപ്രഭാവത്തിന്റെ പുത്തൻ പ്രതീക്ഷകളെ മനസ്സിലാക്കി പ്രവർത്തിക്കുന്ന പ്രേഷിതരാകാം....ഈ പുതുവർഷത്തിൽ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : | നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതജപം | : | ഈശോയുടെ തിരുഹൃദയമേ എന്നെ അനുഗ്രഹിക്കണമേ |
| *ദിയാക്കോണിയ* | : | കാർഷിക ബോധവത്ക്കരണം, ജൈവവള ഉത്പാദനം, നവീന കൃഷി രീതികൾ |

**ശാഖകൾ ശ്രദ്ധിക്കാൻ** : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും

: ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു.

7 ഞായർ : പരി. ത്രിത്വത്തിന്റെ തിരുനാൾ

11 വ്യാഴം : പരി. കുർബ്ബാനയുടെ തിരുനാൾ

19 വെള്ളി : തിരുഹൃദയതിരുനാൾ

29 തിങ്കൾ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 20 നുള്ളിൽ അതിരൂപതയിൽ എത്തിക്കുക.

## ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2019 - 20 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അട

യ്ക്കാനുള്ളത് അടച്ച് തീർക്കുകയും, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് മെയ് 31 ന് മേഖലാ ഡയറക്ടർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു. വാർഷിക റിപ്പോർട്ട് ഫോം, 2020 –2021 വർഷത്തെ ശാഖാ പ്രതിമാസ റിപ്പോർട്ട് ഫോം, മേഖലാ പ്രതിമാസ റിപ്പോർട്ട് ഫോം അതിരൂപത സി എം എൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അല്ലെങ്കിൽ മേഖലാ ഭാരവാഹികളോട് മേടിക്കാവുന്നതാണ്.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2020 – 2021 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സൺഡേസ്കൂൾ തുടരുന്ന ദിവസം നടത്തി പേര് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സീനിയർ ഭാരവാഹികൾ 5 പേരെയും ജൂണിയർ ഭാരവാഹികൾ 4 പേരെയുമാണ് തിരഞ്ഞെടുക്കേണ്ടത്.

## *ദിയാക്കോണിയ*

ജൂൺ - ജൂലൈ മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

1) കാർഷിക സെമിനാർ

a) ആരോഗ്യവും പച്ചക്കറിയും b) അടുക്കളയും അടുക്കളത്തോട്ടവും c) ജൈവ വളത്തിന്റെ പ്രാധാന്യം,

2) ഒരു വീട് ഒരു മുരിങ്ങ 3) അറിയാം കുമ്പളങ്ങയെ 4) ഗ്രീൻ മിഷൻ 5) കൃഷി പാഠം 6) നാട്ടറിവ് 7) ന്യൂനപക്ഷ അവകാശങ്ങൾ

## ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് 2020 – 2021 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 7 ഞായറാഴ്ച അഭിവന്ദ്യപിതാക്കന്മാർ ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ഉദ്ഘാടനകർമ്മങ്ങളും മാർഗ്ഗരേഖാ പ്രകാശനവും ഇതര പരിപാടികളും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതാണ്.

## ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം സൺഡേസ്കൂൾ റെഗുലറായി തുടങ്ങുന്ന ദിവസമോ, അല്ലെങ്കിൽ പിറ്റേ ഞായറാഴ്ചയോ ആരംഭിക്കുമല്ലോ.

## മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

2019 – 20 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ മേടിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 20 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസി

ഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സമർപ്പണ ഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണ ഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## അംഗത്വസ്വീകരണം

സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വസ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## അഭിനന്ദനങ്ങൾ

ലോക്ഡൗൺ കാലഘട്ടങ്ങളിൽ വാട്സ് ആപ്പ് വഴി കുട്ടികൾക്കായി വ്യത്യസ്തങ്ങളായ പരിപാടികൾ അണിയിച്ചൊരുക്കുന്ന എല്ലാ മേഖലാ ഡയറക്ടർമാർക്കും വൈസ്ഡയറക്ടേഴ്സിനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും; അതുപോലെ ഈ മത്സരങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്ന കുഞ്ഞുമിഷനറിമാർക്കും അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രിയപ്പെട്ടമാതാപിതാക്കൾക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ....

## ഇംഗ്ലീഷ് പ്രസംഗമത്സരം

**വിഷയം:** ചെറുപുഷ്പ മിഷൻലീഗ് കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക്.
**വിഭാഗങ്ങൾ:** A) 2019 -2020 Academic Year 5,6,7,8 ക്ലാസ്സുകളിൽ പഠിച്ചവർ
B) 2019 -2020 Academic Year 9,10,11,12 ക്ലാസ്സുകളിൽ പഠിച്ചവർ

## നിബന്ധനകൾ

1) പ്രസംഗം വീഡിയോ രൂപത്തിലാണ് അയക്കേണ്ടത്.
2) അയക്കേണ്ട തിയതി ജൂൺ 5 രാവിലെ മുതൽ 10 നു രാത്രി 8 മണി വരെ (ഇന്ത്യൻ സമയം)
3) cmltly01@gmail.com എന്ന emil അക്കൗണ്ടിലേക്കോ, 9496900845 എന്ന

whatsapp, telegram നമ്പറിലോ അയക്കാം.

4) സമയം: 4 മിനുട്ട്. കൂടാതെ സെൽഫ് ഇൻട്രോ ഡക്ഷന് ആവശ്യ ത്തിന് സമയം ഉപയോഗിക്കാം.

(തലശ്ശേരിയിൽ താമസിക്കുന്നവർ പേര്, ഇടവക, വീട്ടുപേര്, പഠിക്കുന്ന ക്ലാസ്സ് എന്നിവ പറഞ്ഞിരിക്കണം) (തലശ്ശേരിക്ക് വെളിയിൽ താമസിക്കുന്നവർ പേര്, വീട്ടുപേര്, ഇപ്പോൾ താമസിക്കുന്ന സ്ഥലം, തലശ്ശേരിയിലെ മാതൃ ഇട വക, പഠിക്കുന്ന ക്ലാസ്സ് എന്നിവ പറയുക)

## ആർക്കൊക്കെ പങ്കെടുക്കാം

തലശ്ശേരി അതിരൂപതയിൽ 2019 –2020 വർഷത്തിൽ 5, 6, 7, 8, 9, 10, 11, 12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനം നടത്തിയ കുട്ടികൾക്കും തലശ്ശേരി അതിരൂ പതയിൽ പെട്ടതും എന്നാൽ വിദൂരസ്ഥലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും (Eg. Sports School, Technical School) രൂപതയിൽ നിന്ന് ജോലിക്കോ മറ്റ് ആവശ്യ ങ്ങൾക്കായി രൂപതയ്ക്ക് പുറത്ത് താമസിക്കുന്ന കുടുംബങ്ങളിലെ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.

## ഡോക്യുമെന്ററി - അഭിനന്ദനങ്ങൾ

തോമാപുരം മേഖലയുടെ നേതൃത്വത്തിൽ വി. ജോൺ ഓഫ് ആർക്കിന്റെ ഡോക്യുമെന്ററിയും, നെല്ലിക്കാംപോയിൽ മേഖലയുടെ നേതൃത്വത്തിൽ വാ. ദേവസഹായം പിള്ളയുടെ ഡോക്യുമെന്ററിയും, പ്രകാശനം ചെയ്തു.

## മൈഗ്രോ ഗ്രീൻ

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി മൈഗ്രാ ഗ്രീൻ മത്സരം നടത്തി. മൈഗ്രാ ഗ്രീൻ കൃഷി രീതി ഉപയോഗിച്ച് മുളപ്പിച്ചവ 1 മിനിട്ടുള്ള വീഡിയോ രൂപത്തിൽ അയച്ചവരിൽ നിന്ന് സമ്മാനാർഹരുടെ പേര് വിവരം പിന്നീട് അറി യിക്കുന്നതായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ മധ്യവേനലവധിക്കാലം കൊറോണ എന്ന മഹാമാരിയെ പ്രാർത്ഥന കൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശ്രദ്ധിച്ചും നാം അതിജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. പ്രിയ മക്കളെ, പുതിയ അധ്യയന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ, സുകൃതജപങ്ങളും തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിത കഥകളുമൊക്കെ പഠിച്ച് വിശുദ്ധരായ കുഞ്ഞുങ്ങളായി വളരാൻ നമുക്ക് പരിശ്രമിക്കാം. ഉണ്ണീശോയുടെ അനുഗ്രഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2**

തിരുബാലസഖ്യം കുട്ടികൾക്കായി ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ആധാരമാക്കി കഥകൾ, പാട്ടുകൾ, നിറംകൊടുക്കാം, വചനം പൂരിപ്പിക്കാം തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾക്ക് ഉപകാരപ്രദവും വചനപഠനത്തിന് സഹായകവുമായ വിധത്തിൽ ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2 എന്ന വർക്ക് ബുക്ക് പുസ്തകം തയ്യാറായിക്കൊണ്ടിരിക്കുന്നു.1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഈ വർക്ക് ബുക്ക് നൽകാൻ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. വില പിന്നീട് അറിയിക്കുന്നതാണ്.

**തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും :** തിരുബാലസഖ്യം 2020 – 2021 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 7 ഞായറാഴ്ച അഭിവന്ദ്യപിതാക്കന്മാർ ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ഉദ്ഘാടനകർമ്മങ്ങളും മാർഗ്ഗരേഖാ പ്രകാശനവും ഇതര പരിപാടികളും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതാണ്.

**വചനാമൃതം മത്സരം :** തിരുബാലസഖ്യം കുട്ടികൾക്കായി വചനം പറയൽ മത്സരം നടത്തുന്നു. ഏറ്റവും കൂടുതൽ വചനം സുവിശേഷം, അദ്ധ്യായവും വാക്യവും സഹിതം കാണാതെ പഠിച്ച് അവതരിപ്പിക്കണം. ഏറ്റവും കൂടുതൽ വചനങ്ങൾ തെറ്റുകൂടാതെയും ഉച്ചാരസ്ഫുടതയോടെയും ആകർഷകമായും പറയുന്ന വർക്കാണ് സമ്മാനം. വചനം പറയുന്നതിന് മുമ്പ് പേര്, വീട്ടുപേര്, ഇടവക, എന്നിവ പറഞ്ഞിരിക്കണം. ഫോൺനമ്പർ ആരും പറയേണ്ടതില്ല. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്കോ, 9496900845 എന്ന whatsapp നമ്പറിലോ അയക്കാം. അയക്കേണ്ട അവസാന ദിവസം ജൂൺ 25.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ



**" Go MAD " - Make A Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.
നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## പ്രകൃതി സംരക്ഷണ ദിനം

ഓരോ പരിസ്ഥിതി ദിനവും നമ്മെ ഓർമ്മിപ്പിക്കുന്നത് നഷ്ടമായികൊണ്ടിരിക്കുന്ന പച്ചപ്പിനെയും തകിടം മറിയുന്ന ആവാസ വ്യവസ്ഥയെയും തിരിച്ചുപിടിക്കുവാനാണ്. പ്രകൃതിയുടെ രമണീയത കാത്തുസൂക്ഷിക്കുവാൻ പ്രകൃതിയെ നമുക്ക് സ്നേഹിക്കാം. ഈ ദിനത്തിന്റെ നല്ല സന്ദേശം കൈമാറിയും നമ്മുടെ ഭവനത്തിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചും ഈ ലോക്ക് ഡൗൺ കാലത്ത് ഈ ദിനത്തിന്റെ നല്ല ഓർമ്മകൾ വരും തലമുറക്ക് നമുക്ക് കൈമാറാം.

## വി.തോമസ്സ് മൂർ അനുസ്മരണം

കേരളകത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ്സ് മൂറിന്റെ തിരുനാൾ ദിനം ജൂൺ 22 ന് നാം ആചരിക്കുമ്പോൾ ഈ ദിനത്തിന്റെ നന്മകളും മംഗളങ്ങളും എല്ലാവർക്കും ആശംസിക്കുന്നു. ദൈവത്തിൽ സന്തോഷിക്കുക എന്ന ജീവിത ദർശനത്താൽ മനുഷ്യായുസ്സ് ധന്യമാക്കിയ കാലിക യുവത്വത്തിന്റെ കർമ്മപാതയിൽ ശ്രദ്ധേയമായ സന്ദേശത്താൽ പ്രചോദനാത്മകമായ വെല്ലുവിളികളുയർത്തിയ വ്യക്തിയാണ് വി.തോമസ്സ് മൂർ. എല്ലാകാലത്തിനും യോജിച്ച മനുഷ്യൻ എന്ന് ചരിത്രകാരൻമാർ വിശേഷിപ്പിക്കുമ്പോൾ ഓരോ യുവതക്കും അനുകരിക്കാവുന്ന മാതൃകയാണ് ഈ വിശുദ്ധൻ. വിശുദ്ധ തോമസ്സ് മൂറിന്റെ മാദ്ധ്യസ്ഥം നമുക്ക് പ്രത്യേകമായി ഈ ദിനങ്ങളിൽ അപേക്ഷിക്കാം.

## "റൂത്ത്" ഓൺലൈൻ യുവജനമഹാസംഗമം മെയ് 31 ഞായർ രാത്രി 7.30ന്

കേരളസഭയിലെ ആദ്യത്തെ ഓൺ ലൈൻ യുവജനമഹാസംഗമം. അമ്പത് രാജ്യങ്ങളിൽ നിന്നുള്ള വിശിഷ്ടാതിഥികളും, കേരളത്തിലും വിദേശത്തുമായുള്ള ഒരു ലക്ഷം യുവജനങ്ങളും പങ്കെടുക്കുന്നു. മന്ത്രിമാർ, എംപിമാർ,എം.എൽ.എമാർ കലാസാംസ്കാരിക രംഗത്തെ പ്രമുഖർ, മലങ്കര സഭ അദ്ധ്യക്ഷൻ : ബസേലിയോസ് ക്ലീമ്മീസ് ബാവ, സീറോ മലബാർ സഭ അദ്ധ്യക്ഷൻ : കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, യുവജനകമ്മീഷൻ ചെയർമാൻ മാർ ക്രിസ്തുദാസ് പിതാവ്, തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട്, സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി എന്നിവർ യുവജനങ്ങളോട് സംവദിക്കുന്നു. യുവജനങ്ങൾ അവതരിപ്പിക്കുന്ന കൾച്ചറൽ ഫെസ്റ്റ്.....ഇതോ

ടൊപ്പം കേരളസർക്കാരിന്റെ കൊറോണക്കാലത്തെ സ്തുത്യർഹമായ സേവനങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ ആദരവു നല്കുന്നു.

**കൊറോണ കാലഘട്ടത്തിൽ യുവജനങ്ങളുടെ പ്രവർത്തനങ്ങൾ ഫൊറോന തലത്തിൽ** (ഇടവക പ്രവർത്തനങ്ങൾ ദീർഘമായ ലിസ്റ്റ് ആയതിനാൽ ഇപ്രകാരം ചുരുക്കി തയ്യാറാക്കിയിരിക്കുന്നു) ഫൊറോന ഡയറക്ടർ, ഫൊറോന പ്രസിഡന്റ് എന്നിവർ തന്നിരിക്കുന്ന വിവരങ്ങൾക്കനുരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നു.

**കമ്മ്യൂണിറ്റി കിച്ചൺ** - വിവിധ പഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി കിച്ചണുകളിൽ സാധനങ്ങൾ ശേഖരിച്ച് എത്തിച്ച് കൊടുക്കുകയും വോളണ്ടിയേഴ്സായി പ്രവർത്തിക്കുകയും ചെയ്ത ഫൊറോനകൾ.

നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, മേരിഗിരി, വായാട്ടുപറമ്പ്, പൈസക്കരി

**അഗതിമന്ദിരം സന്ദർശിക്കുകയും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തവർ -** നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, കാഞ്ഞങ്ങാട്,പൈസക്കരി, ചെമ്പേരി

**മരുന്ന് ഭക്ഷണ വിതരണം** - ഭവനങ്ങളിൽ കഴിയുന്നവർക്ക് മരുന്ന്, കിറ്റുകൾ, ഭക്ഷണസാധനങ്ങൾ എന്നിവ എത്തിച്ച് കൊടുത്തവർ.

നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, കാഞ്ഞങ്ങാട്, എടൂർ, മേരിഗിരി, പനത്തടി, വായാട്ടുപറമ്പ്, ആലക്കോട്, ചെമ്പേരി, തോമാപുരം, വെള്ളരിക്കുണ്ട്.

**ക്വാറന്റൈനിൽ സഹായം -** ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്നതിനും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ഭക്ഷണം, ആവശ്യമായ മറ്റ് സാധനങ്ങൾ എന്നിവ എത്തിച്ച് നൽകിയവർ നെല്ലിക്കാംപൊയിൽ, എടൂർ, മേരിഗിരി, പേരാവൂർ, വെള്ളരിക്കുണ്ട്.

**ഗ്രാമപഞ്ചായത്തിന്റെ ഭക്ഷണസാധനങ്ങൾ പാക്കിംങ്ങ് -** ഗ്രാമപഞ്ചായത്തുകളിൽ വിതരണം ചെയ്യുവാൻ ഗവൺമെന്റ് നൽകിയ ഭക്ഷ്യധാന്യങ്ങൾ പായ്ക്ക് ചെയുന്നതിൽ ആഴ്ചകളോളം പങ്കെടുത്തവർ നെല്ലിക്കാംപൊയിൽ, വെള്ളരിക്കുണ്ട്, തോമാപുരം

**പോലീസ്, സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണം സാനിറ്റൈസർ -** സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്ക് കുടിവെള്ളവും സാനിറ്റൈസറും നൽകിയത് നെല്ലിക്കാംപൊയിൽ, ചെമ്പേരി

**സർക്കാർ വോളണ്ടിയേഴ്സ് -**

നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, കാഞ്ഞങ്ങാട്, മേരിഗിരി, വായാട്ടുപറമ്പ്, ആലക്കോട്, ചെമ്പേരി, തോമാപുരം

**പച്ചക്കറിതോട്ടം നിർമ്മാണം -** യുവജനങ്ങൾ പച്ചക്കറി കൃഷി ചെയ്തു.

തളിപ്പറമ്പ്, ചെമ്പേരി

**ആംമ്പുലൻസ് ഡ്രൈവറായി യുവജനങ്ങൾ –** രോഗികളെ ശുശ്രൂഷിക്കുന്നതിനും ആശുപത്രികളിൽ എത്തിക്കുന്നതിനുമായി സഹായം നൽകിയത്.

**ആശുപത്രികളിൽ സന്നദ്ധപ്രവർത്തനം –** കോവിഡ് ആശുപത്രിയിൽ സേവനപ്രവർത്തനത്തിൽ ഏർപ്പെട്ടവർ  കാഞ്ഞങ്ങാട്

**മാസ്ക്കുകൾ നിർമ്മിച്ച് വിതരണം ചെയ്തത് –** മാസ്ക്കുകൾ നിർമ്മിച്ച് പഞ്ചായത്തുകളിലും ആവശ്യമായ സ്ഥലങ്ങളിലും വിതരണം ചെയ്തു. കാഞ്ഞങ്ങാട്, മേരിഗിരി, പേരാവൂർ, വായാട്ടുപറമ്പ്, പൈസക്കരി, ചെമ്പേരി, തോമാപുരം

**കൃഷിഭവനിൽ നിന്നും പച്ചക്കറി തൈകൾ വാങ്ങി വിതരണം ചെയ്തു –** മേരിഗിരി

**കൊറോണക്കാലത്തെ യാത്രകൾക്കാവശ്യമായ സത്യവാങ്മൂലം, പാസ് എന്നിവ പ്രിന്റ് ചെയ്ത് വിതരണം –** മേരിഗിരി

**വീടുകളിൽ ചെന്ന് മുടി വെട്ടികൊടുക്കാൻ സന്നദ്ധ സേന രൂപീകരിച്ചത് –** മേരിഗിരി

**മരിച്ചടക്കുകൾക്ക് വോളണ്ടിയേഴ്സായി സഹായം –** മേരിഗിരി, തോമാപുരം

**പഞ്ചായത്തിലെ കോൾ സെന്റർ അറ്റന്റേഴ്സായും ഹോം ഡെലിവറി വോളണ്ടിയേഴ്സായും യുവജനങ്ങൾ പ്രവർത്തിച്ചത് –** പേരാവൂർ

**തീപിടുത്തത്തിൽ രക്ഷാപ്രവർത്തകർ –**

ചെമ്പേരി - പുല്ലവനം എന്ന പ്രദേശത്ത് തീപിടുത്തമുണ്ടായതിനെ തുടർന്ന് ഇരുപത് യുവജനങ്ങൾ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു.

**റേഷൻ കടകളിൽ നിന്നും സാധനങ്ങൾ ശേഖരിച്ച് റേഷൻ കാർഡ് ഉള്ള വീടുകളിൽ എത്തിച്ച് കൊടുത്തത് –** ചെമ്പേരി

**സാമ്പത്തീക സഹായം** - ചെമ്പേരി

**രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ സഹായം** - ചെമ്പേരി

**പ്രവാസികളുടെയും അന്യസംസ്ഥാനത്ത് നിന്ന് വന്നവരുടെയും വിവരങ്ങൾ ശേഖരിച്ച് വഞ്ചായത്തിന് നൽകി –** തോമാപുരം

**കുടിവെള്ളം ടാങ്കുകൾ വഴി ഭവനങ്ങളിൽ എത്തിച്ചത് –** തോമാപുരം

**ഭവനനിർമ്മാണം –** തോമാപുരം

**കറന്റ് ബില്ല് പോലുള്ളവ അടക്കാൻ പറ്റാത്തവർക്ക് അവ ഓൺ ലൈൻ വഴി അടച്ചു നൽകി –** ചെമ്പേരി

**പള്ളിയിലെ കിണറുകൾ വൃത്തിയാക്കാൻ സഹായിച്ചു –** ചെമ്പേരി

**ദേവാലയ മുറ്റത്തെ മാതാവിന്റെ ഗ്രോട്ടോയിൽ പൂന്തോട്ട നിർമ്മാണം –** ചെമ്പേരി

**ഓൺലൈൻ പരിപാടികൾ – ഫൊറോന തലത്തിൽ**

**നെല്ലിക്കാംപൊയിൽ**

❖ കലിഗ്രഫി – മൊട്ട കോമ്പറ്റീഷൻ : കൊറോണയുടെ ആദ്യഘട്ടത്തിൽ മൊട്ട 2020 മത്സരവും കലിഗ്രഫി കോമ്പറ്റീഷനും നടത്തി വിജയം കണ്ടെത്തി.

❖ ഇന്ന് സമൂഹത്തിൽ നടമാടുന്ന വിഷയങ്ങളെ ആസ്പദമാക്കി കാർട്ടൂൺ രചനാ മത്സരം സംഘടിപ്പിച്ചു.

❖ അമ്മയോടൊപ്പം Mothers day selfie contest സംഘടിപ്പിച്ചു.

❖ Food Recipie contest പാചകം ചെയ്യാൻ താൽപര്യം ഉള്ളവർക്കായി വ്യത്യസ്തമായ RECIPE അയക്കുന്നതിലൂടെ വിജയികളെ തിരഞ്ഞെടുക്കുന്നു.

❖ Explore your Talents- Tik TOk മത്സരം (കഴിവ് 2 K20) എന്ന പേരിൽ സംഘടിപ്പിച്ചു.

❖ **നമ്മളിടം** : കേരളത്തിലെ സാമൂഹിക, സാംസ്കാരിക, കലാ, സാഹിത്യ ആത്മീയ തലങ്ങളിൽ പ്രവർത്തിക്കുന്നവരും, പ്രശസ്തരുമായവർ ഓരോ ദിവസവും ഉളിക്കൽ യൂണിറ്റിന്റെ ഫെയിസ് ബുക്ക് പേജിൽ അവരുടെ കഴിവുകൾ പങ്ക് വയ്ക്കുന്നു.

* കോമഡി ഫെയിം– ഷജിം എം എസ് & ആദം എം എസ്.
* പ്രശസ്ത ഗിറ്റാറിസ്റ്റ് പുല്ലാം കുഴൽ കൊണ്ട് വിസ്മയം തീർക്കുന്ന – അനുനന്ദ് എസ്.
* ഇന്ത്യൻ വോളിബോൾ ടീം മുൻ ക്യാപ്റ്റനും അർജുന അവാർഡ് ജേതാവുമായ ടോം ജോസഫ്
* പ്രശസ്ത ഗായികയും സൂര്യ സൂപ്പർ സിംഗർ വിന്നറും ആയ മേഘ തമ്പാൻ.
* കാസറഗോഡ് വിജിലൻസ് & ആന്റികറാപ്ഷൻസും സി ഐ യും സിനിമാ നടനുമായ സിബി തോമസ്
* കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്റ്റേജ് ഷോയിലൂടെയും, ഗാനമേളയിലൂടെയും പ്രശസ്തയായ ഗായിക കെ സി വൈ എം പ്രവർത്തക അൽഫോൻസ സിബി.
* നെല്ലിക്കാംപൊയിൽ അസ്സി. വികാരി ഫാ. ഏലിയാസ് എടുക്കുന്നേൽ .
* ഇന്ത്യൻ വനിതാ വോളിബോൾ ടീം ക്യാപ്റ്റൻ മിനി മോൾ അബ്രാഹം.
* ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ ടീമിന്റെ മുൻക്യാപ്റ്റനും, കേന്ദ്ര കസ്റ്റംസ് ആന്റ് എക്സൈസ് ഇൻസ്പെക്ടറും ബേസിൽ ഫിലിപ്പ്.
* കാസർഗോഡ് ഫൊറോനയിലെ കെ സി വൈ എം അനു & അൽഫോൻസ
* അഞ്ചരക്കണ്ടി കോവിഡ് സെന്ററിൽ സേവനം അനുഷ്ഠിച്ച് കോറന്റയിനിൽ കഴിയുന്ന മാലാഖമാരായ ബിന്ദു വർഗ്ഗീസ് & അമിത വാസു
* കേരള കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സംസ്ഥാന പ്രസിഡന്റ് ബിജോ പി ബാബു.

**ആലക്കോട് ഫൊറോന**

❖ ഫോട്ടോഗ്രാഫി മൽസരം സംഘടിപ്പിച്ചു.

❖ പ്രാർത്ഥനാകൂട്ടായ്മ ഓരോ യൂണിറ്റിലും നടത്തുകയും ഇപ്പോഴും തുടരുകയും ചെയ്യുന്നു.

- ❖ ഫൊറോനാ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മുഴുവൻ ഭാരവാഹികളും കൊറോണ ബോധവൽക്കരണ പോസ്റ്റർ തയ്യാറാക്കി പ്രചരിപ്പിച്ചു.

**പേരാവൂർ**

- ❖ റോക്ക് ദി ലോക്ക് ഡൗൺ : വീടുകളിൽ കഴിയുന്നവരുടെ വ്യത്യസ്ഥങ്ങളായ കഴിവുകൾ മൂന്ന് മിനിറ്റിൽ കവിയാത്ത വീഡിയോ ആക്കി ചിത്രീകരിച്ച് മത്സരത്തിൽ പങ്കെടുക്കുവാനുള്ള അവസരമൊരുക്കി.
- ❖ 7 ഓൺ 7 : ഏഴ് ദിവസങ്ങളിലായി ഏഴ് ദിവസങ്ങളിലായി ഏഴ് ആക്റ്റിവിറ്റികൾ പൂർത്തിയാക്കുന്ന മത്സരം സംഘടിപ്പിച്ചു.

**തളിപ്പറമ്പ്**

- ❖ OLD IS GOLD : പ്രായമായവരെ ആദരിക്കുക, ബഹുമാനിക്കുക, സ്നേഹിക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ കൂടെ നിന്ന് സെൽഫി എടുത്ത് അയക്കുന്ന മത്സരം നടത്തി.
- ❖ ഹലോ ഫ്രെണ്ട്സ് : ഫൊറോന ഭാരവാഹികൾ, ഡയറക്ടേഴസ് ആനിമേറ്റേഴ്സ്, ലെ ആനിമേറ്റേഴ്സ് എന്നിവരും യൂണിറ്റിലെ ഭാരവാഹികൾ, ഡയറക്ടർ, ആനിമേറ്റർ, ലേ ആനിമേറ്റർ എന്നിവരും ചേർന്ന് മീറ്റിങ്ങിലൂടെ യൂണിറ്റിനെ കുറിച്ച് സംസാരിക്കുകയും ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന യുവജനങ്ങൾ ഉണ്ടെങ്കിൽ ആത്മീയ, മാനസീക, ഭൗതീക സഹായങ്ങൾ ഉത്തരവാദിത്വപ്പെട്ടവർ വഴി ഫൊറോനയുടെ നേതൃത്വത്തിൽ നല്കുന്നു.

**വായാട്ടുപറമ്പ്**

- ❖ വചന മുത്തുകൾ : യുവജനങ്ങളിൽ ബൈബിൾ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ 15 ദിവസങ്ങളിലായി ക്വിസ്സ് കോമ്പറ്റീഷൻ ഒരുക്കി.

**കാഞ്ഞങ്ങാട്**

- ❖ BLAST THE MIND : യുവജനങ്ങൾക്ക് തങ്ങളുടെ വിവിധങ്ങളായ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരം ഒരുക്കി. 9 ജില്ലകളിൽ നിന്നുള്ള മത്സരാർഥികൾ പങ്കെടുത്തു.
- ❖ MARVEL NIGHT : കാലിച്ചാനടുക്കം യൂണിറ്റിലുള്ള യുവജനങ്ങൾ തങ്ങളുടെ വ്യത്യസ്ഥങ്ങളായ കഴിവുകളെ പ്രകടിപ്പിക്കുന്നതിനുള്ള അവസരമൊരുക്കിയത്.
- ❖ My Mom Moment Contest : അമ്മയുടെ സ്നേഹം പ്രകടമാക്കുന്ന ഫോട്ടോ, വീഡിയോ, വാക്കുകൾ എന്നിവയുടെ മത്സരം സംഘടിപ്പിച്ചു.
- ❖ വിവിധ യൂണിറ്റുകളിൽ ഇടവകാംഗങ്ങൾക്കും മതബോധന വിദ്യാർത്ഥികൾക്കുമായി മത്സരങ്ങൾ സംഘടിപ്പിച്ചു.

**ചെമ്പന്തൊട്ടി**

- D 10 T 10 : പത്ത് ദിവസത്തെ വിത്യസ്ഥമായ ടാസ്ക്കുകൾ യുവജനങ്ങൾക്കായി ഒരുക്കി.

**എടൂർ**

- Q 40 : (Quarantine 40 ) Veg garden photo contest സ്വന്തം വീട്ടു മുറ്റത്തുള്ള പച്ചക്കറി തോട്ടത്തിന്റെ ഫോട്ടോസ് മത്സരം സംഘടിപ്പിച്ചു.
- കവിതാ രചനാ (വിഷയം- മണ്ണ്, ജലം, വായു വിഷരഹിതമാക്കി പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടാൻ ഒരുങ്ങുന്നു.) മത്സരം സംഘടിപ്പിച്ചു.
- എടൂർ യൂണിറ്റ് ഫോട്ടോ ഗ്രാഫി contest സംഘടിപ്പിച്ചു.

**പൈസക്കരി**

- Easter egg design competition : ഈസ്റ്ററിനോടനുബന്ധിച്ച് egg design കോമ്പറ്റീഷൻ അതിരൂപതയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തി.

**ചെമ്പേരി**

- പുലിക്കുരുമ്പ യൂണിറ്റ്: വിശുദ്ധ വാരവുമായി ബന്ധപ്പെട്ട് സിംഗിംങ്ങ് കോമ്പറ്റീഷൻ സംഘടിപ്പിച്ചു.
- യുവജനങ്ങളുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചയും ഇടവക ദേവാലയത്തിൽ നിന്നും വിശുദ്ധ കുർബാന ലൈവായി നൽകി എല്ലാവർക്കും പങ്കെടുക്കുവാൻ അവസരമൊരുക്കുന്നു.
- ഇടവകയിൽ നിന്നും വിശുദ്ധവാര തിരുക്കർമ്മങ്ങൾ ലൈവായി നൽകി എല്ലാവർക്കും പങ്കെടുക്കുവാൻ അവസരമൊരുക്കി.
- കൊറോണക്കാലത്ത് വീട്ടിലായിരിക്കുന്നവർക്ക് നല്ല ചിന്തകൾ നൽകുക, സുരക്ഷിതരായിരിക്കുക എന്ന ചിന്തയോടെ വീഡിയോസ് തയ്യാറാക്കി വാഡ്സാപ്പ് വഴി നൽകി വരുന്നു.
- യുവജനങ്ങളുടെ നേതൃത്വത്തിൽ വിശുദ്ധവാരത്തിലേക്ക് ആവശ്യമായ പുത്തൻപാനയും, കഴിഞ്ഞ വർഷം ദു:ഖവെള്ളിയാഴ്ച നടത്തിയ കുരിശിന്റെ വഴിയും തയ്യാറാക്കി ഫെയിസ് ബുക്ക്, വാഡ്സാപ്പ് എന്നിവയിലൂടെ എല്ലാവരിലേക്കും എത്തിച്ചു.
- രത്നഗിരി യൂണിറ്റ്: യൂണിറ്റിലെ എല്ലാവരെയും ഉൾകൊള്ളിച്ച് ക്രിസ്തീക്തിഗാന മത്സരം സംഘടിപ്പിച്ചു.
- ഓൺ ലൈൻ : വലിയ ആഴ്ചയിലെ തിരുകർമ്മങ്ങൾ, ആരാധന, വിശുദ്ധ കുർബാന എന്നിവ ഇടവകാ സമൂഹത്തിൽ എല്ലാവരിലും ലൈവ് ആയി എത്തിക്കിന്നതിന് യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു.

**തോമാപുരം**

- ഇടവകയിൽ നിന്ന് മരണമടഞ്ഞവരുടെ മൃതസംസകാര ശ്രുശ്രൂഷകൾ ലൈവായി നൽകി എല്ലാവർക്കും പങ്കെടുക്കാനുള്ള അവസരം ഒരുക്കി.

- എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാന യുവജനങ്ങളുടെ നേതൃത്വ ത്തിൽ ലൈവായി നൽകി കൊണ്ടിരിക്കുന്നു.

## പൊതുപരിപാടികൾ

### കൊറോണ ഇൻസ്പെക്ഷൻ ടീം

കണ്ണൂർ കലക്ട്രേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ കൊറോണ സന്നദ്ധ സേവന പ്രവർത്തനങ്ങളിലും ബോധവല്ക്കരണ പ്രവർത്തനങ്ങളിലും എട്ട് പേര ടങ്ങുന്ന യുവജനങ്ങളുടെ ഗ്രൂപ്പ് കെ സി വൈ എം ഡയറക്ടർ സോണിയ ച്ചന്റെ നേതൃത്വത്തിൽ രണ്ട് ദിവസങ്ങളിലായി തലശ്ശേരി താലൂക്കിലുള്ള ആയി രത്തോളം വ്യാപാരസ്ഥാപനങ്ങളിലും ഗവൺമെന്റ് സ്ഥാപനങ്ങളിലും കൊ റോണ വിരുദ്ധ ബോധവല്ക്കരണവും ഇൻസ്പെഷനും നടത്തി.

**കെ സി വൈ എം അപാരത :** 2019-2020 വർഷത്തിൽ കെ സി വൈ എം പ്രസ്ഥാനത്തോടൊപ്പമുള്ള പ്രവർത്തനങ്ങളിൽ മനസ്സിൽ തങ്ങി നിൽക്കുന്ന ഏറ്റവും നല്ല പ്രവർത്തനങ്ങളെ കോർത്തിണക്കി ഫോട്ടോ ഗ്രാഫി മത്സരം നടത്തി.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

870 എം.പി.സി ഓൺലൈൻ കോഴ്സ് മെയ് 7-8 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 92 പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

## 2. MPC Online Thalassery

വരുന്ന മാസങ്ങളിൽ അത്യാവശ്യം വിവാഹം നടത്തേണ്ടവർക്കും നേരിട്ടുള്ള കോഴ്സിൽ സംബന്ധിക്കാൻ ഗൗരവമായ അസൗകര്യങ്ങളുള്ളവർക്കും വേണ്ടി ജൂൺ 16 - 17 തീയ്യതികളിൽ ഓൺലൈൻ ആയി എം.പി.സി നടത്തുന്നതാണ്. അത്യാവശ്യമുള്ളവരാണ് ഈ കോഴ്സിന് അപേക്ഷിക്കുന്നത് എന്ന കാര്യം വികാരിയച്ചന്മാർ ഉറപ്പാക്കി കത്ത് നൽകേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യുന്നതിന് **www.familytly.com** എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 600 രൂപ അടക്കേണ്ടതിന്റെ ഡീറ്റെയിൽസ് ലിങ്കിൽ കൊടുത്തിട്ടുണ്ട്. മുൻപ് എം.പി.സി രജിസ്ട്രേഷൻ ഫീസ് ഓൺലൈൻ ആയി അടച്ചവർ അതിന്റെ റസിപ്റ്റ് അറ്റാച്ച് ചെയ്താൽ മതിയാകും. ഈ ലിങ്ക് presbyterium official whatsapp ലും നൽകുന്നതാണ്. കോഴ്സ് സർട്ടിഫിക്കറ്റ് ഓൺലൈനായി തരുന്നതാണ്. ഓഫീസിൽ നിന്ന് വേണ്ടവർക്ക് സർട്ടിഫിക്കറ്റ് നേരിട്ട് വാങ്ങാവുന്നതാണ്.

**എം.പി.സി ഓൺലൈൻ ജൂൺ 16 : 08.30 am - 07.30 pm**
**17 : 08.30 am - 05.00 pm**

## 3. MPC Registration Cancellation

മാർച്ച് മാസം മുതൽ ജൂൺ മാസം വരെ ഓൺലൈനായി എം.പി.സി രജിസ്ട്രേഷൻ നടത്തിയവർക്ക് ക്യാൻസലേഷനുള്ള സൗകര്യം ഉണ്ടായിരിക്കും. ആവശ്യക്കാർക്ക് തുടർന്നുനടക്കുന്ന ഓൺലൈൻ എം.പി.സിക്കോ, റഗുലർ എം.പി.സിക്കോ വേണ്ടി ആ രജിസ്ട്രേഷൻ മാറ്റിത്തരാനുള്ള സൗകര്യം ഓഫീസ് നമ്പറിൽ വിളിച്ചാൽ ചെയ്തു തരുന്നതാണ്. ഇപ്രകാരം ആവശ്യമുള്ളവർ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസ് നമ്പറിൽ വിളിച്ച് രജിസ്ട്രേഷൻ റസിപ്റ്റ് അയച്ചുകൊടുത്ത് ബാങ്ക് ട്രാൻസ്ഫർ ആയി പണം തിരിച്ചടക്കാനുള്ള ബാങ്ക് ഡീറ്റെയിൽസും രജിസ്ട്രേഷൻ റസിപ്റ്റും അയച്ചുകൊടുക്കുക. (Office Time : 10.00 am - 05.00 pm)

**II. അനുഗ്രഹ മാര്യേജ് ബ്യൂറോ : - www.anugrahamarry.com**

**III. മാതൃവേദി**

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് കൊറോണ ബാധിതരായ എല്ലാ രോഗികൾക്കുംവേണ്ടി ജപമാലകൾ സമർപ്പിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തന മായി എല്ലാ യൂണിറ്റുകൾക്കും മാതൃവേദിയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുക.

**3. ജൂൺമാസത്തിലെ പ്രധാനതിരുനാളുകൾ**

ജൂൺ 8 - വി.മറിയം ത്രേസ്യ

11 - പരി.കുർബ്ബാനയുടെ തിരുനാൾ

13 - വി.അന്തോണീസ്

19 - ഈശോയുടെ തിരുഹൃദയ തിരുനാൾ

20 - മാതാവിന്റെ വിമലഹൃദയം

29 - വി.പത്രോസ്, പൗലോസ് ശ്ലീഹന്മാർ

**4. അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് (ഓൺലൈൻ)**

Zoom ആപ്ലിക്കേഷൻ വഴി ഭാരവാഹികളുമായി രണ്ട് പ്രാവശ്യം മീറ്റിംഗുകൾ നടത്തി. ഒരു മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി സംബന്ധിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**5. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ മാതൃവേദി മേഖലാ പ്രസിഡണ്ടുമാരെയും മേഖലാ ആനിമേറ്റർമാരെയും ചേർത്തിണക്കിക്കൊണ്ട് Zoom എന്ന ആപ്ലിക്കേഷൻ വഴി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തുകയുണ്ടായി. എല്ലാ മേഖലാ, യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

**6.** മാതൃവേദി മേഖല ഡയറക്ടർമാരുടെ Online മീറ്റിംഗ് 23-ാം തീയ്യതി നടത്തി. പുതിയ പ്രവർത്തന വർഷത്തെ പ്രവർത്തനപദ്ധതികൾ ചർച്ച ചെയ്തു.

**7. ഫാബുലസ് - 5**

ലോക്ക്ഡൗൺ സമയത്ത് മാതൃവേദി അമ്മമാർക്കായി ഫാബുലസ് - 5 എന്ന പേരിൽ 5 ദിവസം നീണ്ടുനിൽക്കുന്ന വിവിധയിനം മത്സരങ്ങൾ സംഘടിപ്പിച്ചു. മത്സരത്തിൽ പങ്കെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവർക്കും നന്ദിയർപ്പിക്കുന്നു. മത്സരവിജയികളുടെ പേരുകൾ താഴെകൊടുക്കുന്നു.

**ഒന്നാംദിവസം – പ്രസംഗം (വിഷയം കോവിഡ്)**
ഒന്നാം സ്ഥാനം – സ്വപ്ന മറ്റത്താനിക്കൽ – രത്നഗിരി
രണ്ടാം സ്ഥാനം – അഞ്ജന സിജു – മണിക്കടവ്
മൂന്നാം സ്ഥാനം – മിനി വടക്കേമുറിയിൽ – അടോട്ടുകയ

**പ്രോത്സാഹന സമ്മാനങ്ങൾ –** സിസിലി കാളിയാനിയിൽ (ജോസ്ഗിരി), മിനി ജോസ് മംഗലത്തിൽ (കുന്നോത്ത്), ഏലിയാമ്മ കൈപ്പള്ളിൽ (അട്ടക്കണ്ടം), ലില്ലി കൂനങ്കിൽ (വിളമന), ലില്ലി ചിറപ്പുറം (ആലക്കോട്), റാണി ചോങ്കരയിൽ (പൈസക്കരി), ബിന്ദു ചക്കാങ്കൽ (മുണ്ടാനൂർ), ലിസ്സി വെട്ടിക്കാട്ട് (നെല്ലിക്കാം പൊയിൽ), ഷേർളി പുതുമനാനിക്കൽ (കാവുന്തല), സോളി പാലുവേലിൽ (കണിച്ചാർ)

**രണ്ടാം ദിവസം – മണ്ണെഴുത്ത് (പച്ചക്കറി കൃഷി)**
ഒന്നാം സ്ഥാനം – മംഗലാമഠത്തിൽ
രണ്ടാം സ്ഥാമനം – ഷർമ്മിള വാളുവെട്ടിക്കൽ (മഞ്ഞളാംപുറം)
മൂന്നാം സ്ഥാനം – ഷേർളി മുട്ടത്തുപാറ (കണ്ണൂർ)

**പ്രോത്സാഹന സമ്മാനങ്ങൾ –** ലൂസി പടിഞ്ഞാത്ത് (കുട്ടാപറമ്പ്), സിസിലി കാളിയാനിയിൽ (ജോസ്ഗിരി),
റീത്താമ്മ ഇല്ലിമൂട്ടിൽ (കുടിയാന്മല), മിനി മൂലന്തുരുത്തിയിൽ (എടക്കോം), റെജി പുളിക്കൽ (പൊട്ടംപ്ലാവ്), റാണി ഒറ്റപ്ലാക്കൽ (കല്ലുവയൽ), ബിന്ദു പറമ്പിൽ (കോളയാട്), ലിസി തോട്ടുങ്കൽ (കാസർഗോഡ്), സിനി പ്രദീഷ് (കടുമേനി), സാലി വെള്ളവള്ളിയിൽ (രത്നഗിരി)

**മൂന്നാംദിവസം – വിശുദ്ധരെ പരിചയപ്പെടുത്തൽ (വി.റീത്ത)**
ഒന്നാം സ്ഥാനം – നീതു കൂമുള്ളിൽ (കനകക്കുന്ന്)
രണ്ടാം സ്ഥാനം – അഞ്ജന കുന്നുമ്മൽ (മണിക്കടവ്)
മൂന്നാം സ്ഥാനം – സൗമ്യ അവിട്ടപ്പള്ളിൽ (പൂളക്കുറ്റി)

**പ്രോത്സാഹന സമ്മാനങ്ങൾ** – സ്വപ്ന മറ്റത്താനിക്കൽ(രത്നഗിരി), ജിബി കല്ലൂർ(ജോസ്ഗിരി), ജിജി പെരുമ്പഴക്കടവിൽ(വിമലശ്ശേരി), റാണി ചോങ്കരയിൽ(പൈസക്കരി), ജിനി ചീരങ്കുന്നേൽ(കുന്നോത്ത്), ലൂസി പറയരുതോട്ടം (കരുണാപുരം), ജാൻസി വന്യമ്പറയിൽ(നിർമ്മലഗിരി), ടിജി മാങ്കൂട്ടത്തിൽ (അട്ടേങ്ങാനം), രശ്മി കാരിയാങ്കൽ(കോളയാട്), സിനി മാടത്താനിയിൽ (ആനമഞ്ഞൾ).

**നാലാം ദിവസം – അടുക്കളനുറുങ്ങുകൾ**
ഒന്നാം സ്ഥാനം – സ്വപ്ന മണ്ണൂർ (പൊയ്നാച്ചി)
രണ്ടാം സ്ഥാനം – സെൽമ വരകുകാലായിൽ (ചെടിക്കുളം), ഷിജി മാമൂട്ടിലായ ചിറമാട്ടേൽ(പച്ചാണി)
മൂന്നാം സ്ഥാനം – മിനി മൂലന്തുരത്തിയിൽ (എടക്കോം), ലിസി തടത്തിൽ (നെല്ലിക്കാംപൊയിൽ)

**പ്രോത്സാഹന സമ്മാനങ്ങൾ -** നിഷ മുന്തിരിങ്ങാട്ടുകുന്നേൽ (നെടുംപുറം ചാൽ), മോളി കളപ്പുരയ്ക്കൽ(കണിച്ചാർ), മിലി വടക്കൻ (പുന്നക്കുന്ന്), രമ്യ സന്തോഷ് (മുണ്ടാന്നൂർ), അഞ്ജു വട്ടക്കുന്നേൽ (പുലിക്കുരുമ്പ), ചിന്നമ്മ കൈപ്പനാനിക്കൽ(കീഴ്പ്പള്ളി), ജാൻസി വന്യംപള്ളിയിൽ(നിർമ്മലഗിരി), ഗ്രേസി മാട്ടറയിൽ(ചന്ദനക്കാംപാറ), ഷേർളി എണ്ണമ്പ്രായിൽ (ഉളിക്കൽ), തങ്കമ്മ കാഞ്ഞിരവിള (വെള്ളാട്)

**അഞ്ചാംദിവസം - അടുക്കളവിഭവം (ഇലക്കറികൾ)**
ഒന്നാം സ്ഥാനം - ഷാന്റി ബിജു കവിയിൽ (ഹൊസങ്കടി)
രണ്ടാം സ്ഥാനം - ബീന കിഴക്കയിൽ (പേരാവൂർ), ഷീജ തേക്കുംകാട്ടിൽ (നിർമ്മലഗിരി)
മൂന്നാം സ്ഥാനം - എൽസമ്മ പാറേപ്പള്ളിൽ (കരുണാപുരം), ഗ്രേസി വേങ്ങപ്പറമ്പിൽ (നെടുംപുറംചാൽ)

**പ്രോത്സാഹന സമ്മാനങ്ങൾ** - തങ്കമ്മ വെട്ടത്ത് (പൈസക്കരി), ജിനി ചീരംകുന്നേൽ (കുന്നോത്ത്), ലിജി ചെമ്പ്ളാക്കൽ(കോഴിച്ചാൽ), ഏലമ്മ പുളിക്കാത്തതിൽ(കരുവഞ്ചാൽ), മിനി മംഗലത്തിൽ(കുന്നോത്ത്), സെലിൻ പാറയിൽ( മഞ്ഞളാംപുറം), ജെസ്സി കുന്നശ്ശേരി(കോളയാട്), ഷാന്റി ചമരപ്പള്ളിൽ(നെടും പുറംചാൽ), ഷിജി ഇല്ലത്ത്(തളിപ്പറമ്പ്), ബിന്ദു കൊച്ചുമലയിൽ(ആനപന്തി)

## 8. അറിയിപ്പുകൾ

• യൂണിറ്റ് തലത്തിൽ തൂവാനീസ മിനിസ്ട്രി (ചെയിൻ റോസറി) ആക്റ്റീവ് ആക്കാൻ ശ്രദ്ധിക്കുമല്ലോ. കോവിഡ് 19 നെതിരെ അമ്മമാർ ഒരുമിച്ച് പ്രാർത്ഥനാ പ്രതിരോധം തീർത്തുകൊണ്ട് ലോകരാജ്യങ്ങളെ സമർപ്പിക്കാം.

• ജൂൺമാസം തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണല്ലോ. എല്ലാദിവസവും കുടുംബാംഗങ്ങൾ ഒരുമിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തുക.

• അർദ്ധവാർഷിക റിപ്പോർട്ട് നൽകിയിട്ടില്ലാത്ത യൂണിറ്റുകൾ ജൂൺ 10 നകം സബ്മിറ്റ് ചെയ്യുക. ഫോം അടങ്ങിയ ലിങ്ക് മേഖലാഭാരവാഹികൾ വഴി ലഭിക്കുന്നതാണ്.

• മേഖലാതലത്തിലും യൂണിറ്റ് തലത്തിലും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി വിവരങ്ങൾ കൈമാറുകയും പ്രവർത്തനപദ്ധതികൾ ഒരുമിച്ച് പ്ലാൻ ചെയ്യാൻ ഉചിതമായ ആപ്ലിക്കേഷൻ ഉപയോഗിക്കുകയും ചെയ്യുക. (Zoom Cloud Meeting, Google Meet etc.)

• അതിരൂപതയുടെ പൊതുപ്രവർത്തനപദ്ധതി (ദിയാക്കോണിയ) മാർഗ്ഗരേഖ എല്ലാ യൂണിറ്റുകൾക്കും ലഭിച്ചുവെന്ന് ഉറപ്പുവരുത്താനും അതിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി രണ്ട് മാസം കൂടുമ്പോൾ റിപ്പോർട്ട് നൽകുകയും ചെയ്യാൻ ഭാരവാഹികൾ ശ്രദ്ധിക്കുക.

• മാതൃവേദി രൂപതാതലത്തിൽ നടത്തിയ ഫാബുലസ് - 5 എന്ന

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

ഏപ്രിൽ 17, 18, 24 തീയതികളിൽ മദർഹോം വചനാഗ്നി ചാനലിലൂടെ ഓൺലൈൻ ആയി വി. കുർബാന അർപ്പിച്ചു.

കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ വിശ്വാസപരിശീലനത്തിനുതകുന്നവിധം നമസ്കാരങ്ങൾ ആംഗ്യഭാഷയിൽ നിർമ്മിച്ച് ബധിരസമൂഹത്തിനു സമർപ്പിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് "എൽ റോയ്" എന്ന പുതിയ സംരംഭത്തിന് അനുഗ്രഹാശിസുകൾ നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**

ഡയറക്ടർ

---

ഓൺലൈൻ മത്സരത്തിന്റെ സമ്മാനങ്ങൾ സൗകര്യപ്രദമായ സമയത്ത് നൽകുന്നതാണ്. അഞ്ച് ദിവസങ്ങളിലും മത്സരത്തിൽ പങ്കെടുത്തവരെ കണ്ടെത്തി പ്രോത്സാഹനസമ്മാനങ്ങൾ കൊടുക്കുവാൻ യൂണിറ്റുഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

## 9. നന്ദി...

കഴിഞ്ഞ ആറുമാസക്കാലം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് ഉപരിപഠനത്തിനായി പോകുന്ന ബ്രദർ. ജിൻസ് ചൊള്ളംപുഴയ്ക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങളുടെ ഹൃദ്യമായ നന്ദിയും ആശംസകളും നേരുന്നു.

## 10. സ്വാഗതം

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ. ജെസ്വിൻ അതിരക്കുളങ്ങരയ്ക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഏറെ ആശകളും ആശങ്കകളും നില നിൽക്കുന്ന ഈ സാഹചര്യത്തിൽ പുതിയ ഒരു അധ്യയന വർഷം ആരംഭിക്കുകയാണ്. സ്കൂളുകൾ തുറക്കാതെ ഓൺലൈൻ വിദ്യാഭ്യാസം നൽകാനാണ് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുള്ളത്. അതിനോട് ക്രിയാത്മകമായി എല്ലാ അധ്യാപകരും സഹകരിക്കേണ്ടതാണ്. പ്രൈമറി സ്കൂൾ അധ്യാപകരുടെ ഓൺലൈൻ പരിശീലന പരിപാടികൾ നടന്നു കഴിഞ്ഞു. ലോക്ഡൗൺ കാലഘട്ടത്തിൽ വിശ്രമിക്കാനും, പഠിക്കാനും, പ്രാർത്ഥിക്കാനും, സർഗ്ഗശേഷി വർദ്ധിപ്പിക്കാനുമുള്ള ക്രിയാത്മക മാർഗങ്ങൾ എന്നിവയ്ക്ക് ഏറെ സമയം ലഭിച്ചു. ഈ സമയം ഏറെ ഫലപ്രദമായി ഉപയോഗപ്പെടുത്തി എന്നു കരുതുന്നു.

കോർപ്പറേറ്റ് തലത്തിൽ അധ്യാപകരുടെ സർഗ്ഗശേഷി ഉണർത്തുന്നതിനുള്ള കഥ, കവിത, ഉപന്യാസം എന്നീ മത്സരങ്ങൾ ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ നടത്തി. അധ്യാപകരുടെ പങ്കാളിത്തം വളരെ പരിമിതമായിരുന്നു. റിസൾട്ട് ഉടനെ തന്നെ അറിയിക്കുന്നതാണ്.

## സ്കൂൾ അഡ്മിഷൻ

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തുന്ന പ്രവാസികളുടെ മക്കൾക്ക് നമ്മുടെ സ്കൂളുകളിൽ പ്രവേശനം നൽകണം. നമ്മുടെ സ്കൂളുകളിന്റെ പരിധിക്കുള്ളിൽ അഡ്മിഷൻ ലഭിക്കാത്ത ഒരു പ്രവാസി വിദ്യാർത്ഥി പോലും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. അഡ്മിഷൻ സംബന്ധമായ കാര്യങ്ങളിൽ അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണം. സ്കൂളുകളിൽ പ്രവേശനം തേടിയെത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകുവാൻ ശ്രദ്ധിക്കണം.

## ഹോം അസൈൻമെന്റ്

സ്കൂളുകൾ തുറക്കാൻ ഇനിയും ഏതാനും മാസങ്ങളെടുക്കാൻ സാധ്യതയുണ്ട്. അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാം.

(1) കുട്ടികൾക്ക് വീടുകളിൽ ധാരാളം ഒഴിവു സമയങ്ങൾ ലഭിക്കുന്നുണ്ട്. നൃത്തം, സംഗീതം, വ്യായാമം, പ്രസംഗം തുടങ്ങിയവ പരിശീലിക്കാൻ അധ്യാപകർ അവരെ പ്രേരിപ്പിക്കണം.

(2) പൊതുവിജ്ഞാനത്തെ കുറിച്ചുള്ള ഓൺ ലൈൻ ക്വിസ് മത്സരങ്ങൾ പത്ര വായനയെ പ്രോത്സാഹിപ്പിക്കും.

(3) ‘കോവിഡ് ഡയറി’ എഴുത്ത് പ്രോത്സാഹിപ്പിക്കുക. സ്കൂൾ വീണ്ടും തുറക്കുമ്പോൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ നൽകുക.

(4) ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ അതു പൂർണ്ണമായും അക്കാദമിക് ആയിരിക്കരുത്. പാഠ്യേതര പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തണം.

## ശുചിത്വം

(1) കൈയുറകൾ, ഫേസ് മാസ്ക്കുകൾ, ഹാൻഡ് സോപ്പ്, ഹാൻഡ് സാനിറ്റൈസർ അണുനാശിനി എന്നിവ ഉൾപ്പടെയുള്ള പ്രൊഫഷണൽ സംരക്ഷണ ഉപകരണങ്ങൾ സ്കൂളുകൾ തിരിച്ചറിഞ്ഞു വാങ്ങണം.

(2) കൈ കഴുകുന്നതിനും മാസ്ക്കുകൾ ഉപയോഗിക്കുന്നതിനുമുള്ള ശരിയായ രീതി അധ്യാപകർ പഠിപ്പിക്കണം. എല്ലാ അധ്യാപകരും വിദ്യാർത്ഥികളും മതിയായ കട്ടിയുള്ളതും ത്രെഡ് എണ്ണമുള്ളതുമായ തുണി ഫെയ്സ് മാസ്ക്കുകൾ ധരിക്കണം. മാസ്ക്കുകൾ എല്ലായിപ്പോഴും ധരിക്കുകയും എല്ലാ ദിവസവും കഴുകുകയും വേണം. മാസ്ക്കിന്റെ തെറ്റായ ഉപയോഗം പ്രതീക്ഷിക്കാവുന്നതാണ്. അത് മാറ്റിയെടുക്കണം.

(3) കൈ കഴുകുന്നതിനും വൃത്തിയാക്കുന്നതിനും വേണ്ടത്ര ജലവിതരണം ഉറപ്പാക്കണം. കൈ കഴുകുമ്പോൾ വെള്ളം പാഴാവുന്നത് എങ്ങനെ കുറയ്ക്കാമെന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തണം.

(4) ശുചിത്വത്തിന്റെ കർശനമായ നിലവാരം പുലർത്തുന്നതിന് ടോയ്ലെറ്റ് സൗകര്യങ്ങളോ വാഷ് ഏരിയകളും നവീകരിക്കുക. എപ്പോഴും മതിയായ ലിക്വിഡ് ഹാൻഡ് വാഷ് ലഭ്യത ഉറപ്പാക്കുക. പെൺകുട്ടികൾക്ക് പ്രത്യേകിച്ചു സാനിറ്ററി സൗകര്യങ്ങൾ നൽകണം. ഓരോ ഷിഫ്റ്റിനു ശേഷവും ടോയ്ലെറ്റുകൾ നന്നായി വൃത്തിയാക്കണം.

വിദ്യാലയവും പരിസരവും ക്ലാസ്സുമുറികളും എപ്പോഴും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുക. ഇന്നത്തെ സാഹചര്യത്തിൽ പരിസര ശുചീകരണം ഏറ്റവും പ്രധാനപ്പെട്ടതാകയാൽ ഇക്കാര്യത്തിൽ പ്രധാനാധ്യാപകരും, അധ്യാപകരും, ഓഫീസ് ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സ്കൂൾ കെട്ടിടം

ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിച്ചിരിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് ഈ അധ്യയന വർഷം കൂടി നിലവിലുള്ള അവസ്ഥയിൽ ഫിറ്റ്നസ് ലഭിക്കുന്നതാണ്. സർക്കാർ തലത്തിൽ പ്രസ്തുത കാര്യത്തിന് ഇളവ് അനുവദിച്ചു തന്നിട്ടുണ്ട്.

പുതിയ വർഷത്തേക്ക് പുതിയ ചിന്താധാരകളും പുതിയ ടീച്ചിംഗ് നോട്ടുകളും പുതിയ അധ്യാപന തന്ത്രവുമായി വേണം വിദ്യാലയത്തിലേക്ക് പ്രവേശിക്കാൻ. പഴയത് ഇനി കൈവശം വയ്ക്കേണ്ട. ഒരു പുതുയുഗത്തിന്റെ പിറവി ഉദയം ചെയ്തിരിക്കുന്നു. അതിനാൽ നല്ലൊരു നാളയെ സ്വപ്നം കണ്ട് അതിന്റെ സഫലീകരണത്തിനായി അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും മാനേജുമെന്റുകളും ഒന്നിച്ച് കൈകോർത്ത് നീങ്ങാം.

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# നിർമലഗിരി വാർത്തകൾ

## പരാമർശ് സ്കീം പ്രോഗ്രാമുകൾ

യു.ജി.സി.യുടെ പരാമർശ് സ്കീമിൽ നിർമലഗിരി കോളേജിനു കീഴിൽ Mentee Institutions ആയി തെരഞ്ഞെടുക്കപ്പെട്ട എടത്തൊട്ടി ഡി പോൾ കോളേജ്, ചെറുപുഴ നവജ്യോതി കോളേജ്, അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജ് എന്നിവിടങ്ങളിൽ യു.ജി.സി.യുടെയും നിർമലഗിരി കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യഥാക്രമം മാർച്ച് 12, 13, 17 തീയതികളിൽ ഏകദിന സെമിനാർ നടത്തപ്പെട്ടു. എടത്തൊട്ടി ഡി പോൾ കോളേജിൽ നടന്ന സെമിനാറിൽ പ്രിൻസിപ്പൽ റവ. ഡോ. ജോൺ മംഗലത്ത്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. പീറ്റർ ഉരോത്ത് എന്നിവരും, ചെറുപുഴ നവജ്യോതി കോളേജിൽ നടന്ന സെമിനാറിൽ പ്രിൻസിപ്പൽ ഡോ. ഷാജിമോൻ ടി.ജെ., സി.എസ്.ടി. പ്രൊവിൻഷ്യൽ കൗൺസിലർ റവ. ഫാ. ബിനു പയ്യമ്പള്ളി എന്നിവരും, അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ നടന്ന സെമിനാറിൽ പ്രിൻസിപ്പൽ റവ. ഡോ. ഫ്രാൻസിസ് കാരക്കാട്ട്, മാനേജർ റവ. ഫാ. കെ.ഒ. തോമസ് എന്നിവരും സംസാരിച്ചു. നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., സെമിനാറുകളിൽ മുഖ്യപ്രഭാഷണം നടത്തുകയും നിർമലഗിരി കോളേജ് അക്രഡിറ്റേഷൻ അംബാസഡർ ഡോ. വർക്കി സെബാസ്റ്റ്യൻ, IQAC കോ-ഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ എന്നിവർ സംസാരിക്കുകയും ചെയ്തു. ഡോ. ടി.കെ. സെബാസ്റ്റ്യൻ, ഡോ. റെജീഷ് സി. ജോൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## മാറുന്ന കാലഘട്ടവും നൂതന ബോധനരീതികളും

കോവിഡ് 19 മൂലമുണ്ടായ ലോക്ഡൗൺ കാലഘട്ടത്തിലും തുടർന്നും കോളേജിലെ പാഠ്യ, പാഠ്യേതര കാര്യങ്ങൾ സുഗമമായി നടത്തുവാനാവശ്യമായ കാര്യങ്ങളെക്കുറിച്ച് മാനേജ്മെന്റും സ്റ്റാഫ് അംഗങ്ങളും ഗൗരവമായി ചർച്ച ചെയ്യുകയും ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിനകം പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രോഗ്രാമുകൾ താഴെപ്പറയുന്നവയാണ്:

### 1. നിർമലഗിരി കോളേജ് - Coursera ഓൺലൈൻ കോഴ്സ്

നിർമലഗിരി കോളേജും Coursera യും സംയുക്തമായി സംഘടിപ്പിച്ചിരിക്കുന്ന 2020 മെയ് മുതൽ സെപ്റ്റംബർ വരെ ദൈർഘ്യമുള്ള ഓൺലൈൻ കോഴ്സുകളിൽ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളുമുൾപ്പെടെ ആയിരത്തിലധികം പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**2. IQAC വെബിനാർ:** Teaching Learning Integration through Learning Management System എന്ന വിഷയത്തിൽ കോളേജ് അധ്യാപകർക്കായി മെയ് 16 ന് ഏകദിന വെബിനാർ സംഘടിപ്പിച്ചു. 59 കോളേജുകളിൽ നിന്നായി 220 അധ്യാപകർ ഇതിൽ പങ്കെടുത്തു. IQAC യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട

ഈ വെബിനാർ കോളേജ് മാനേജർ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു; ബർസാർ റവ. ഫാ. മാത്യു തെക്കേമുറിയിൽ, പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., IQAC കോ-ഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. താനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം അധ്യാപകൻ ഡോ. അസ്കർ അലി ക്ലാസ്സുകൾ നയിച്ചു.

**3. E Quest 2020 :** ഇക്കണോമിക്സ് ഡിപ്പാർട്മെന്റിന്റെ ആഭിമുഖ്യത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാ തലത്തിൽ മെയ് 11-13 തീയതികളിൽ നടത്തപ്പെട്ട ഇ-ക്വിസിൽ 1660 പേർ പങ്കെടുത്തു. ഡിപ്പാർട്മെന്റ് അധ്യക്ഷൻ ഡോ. ടി.കെ. സെബാസ്റ്റ്യൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ മനു കെ. എം. എന്നിവർ നേതൃത്വം നൽകി.

**4. ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് വെബിനാർ സീരീസ് :** Positions, Identities and Ideas: Understanding Literary Theory എന്ന വിഷയത്തിൽ വെബിനാർ സീരീസിന്റെ ഉദ്ഘാടനം മെയ് 18 ന് നിർവഹിക്കപ്പെട്ടു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., വകുപ്പ് അധ്യക്ഷ ഡോ. സി. ഗ്രേസി സി. സി., സി. സോണിയ ഫിലോമിന വി., ഡോ. ഫിനിത ജോസ്, മിസ് ഷിനി ജോർജ് എന്നിവർ സംസാരിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ ശ്രീ നിധിൻ വർഗീസ് ക്ലാസ്സുകൾ നയിച്ചു.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

1. കോളേജ് NCC യൂണിറ്റിന്റെ സഹകരണത്തോടെ കെമിസ്ട്രി ഡിപ്പാർട്മെന്റ് സാനിറ്റൈസർ നിർമിച്ച് കൂത്തുപറമ്പ് ടൗണിലും സമീപ പ്രദേശങ്ങളിലുമുള്ള പൊതു സ്ഥലങ്ങളിൽ ഉപയോഗത്തിനായി വയ്ക്കുകയും സ്ഥാപനങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു. കോളേജ് NSS യൂണിറ്റും സാനിറ്റൈസർ വിതരണം ചെയ്തു.
2. കോളേജിന്റെ ഹോസ്റ്റൽ, ലേഡീസ് സെന്റർ എന്നിവ ക്വാറന്റൈനായി വിട്ടു നൽകിയിട്ടുണ്ട്.
3. PTA, NCC, NSS എന്നിവയുടെ ആഭിമുഖ്യത്തിൽ 2000 മാസ്കുകൾ വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

## ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്നവർ

1. ശ്രീമതി ലൂസി ഫ്രാൻസിസ്: പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യക്ഷ
2. ഡോ. ജെയിംസ് പോൾ: ഹിന്ദി വിഭാഗം അധ്യക്ഷൻ
3. ഡോ. സി. ഗ്രേസി സി.സി.: ഇംഗ്ലീഷ് വിഭാഗം അധ്യക്ഷ
4. ശ്രീ കുര്യാക്കോസ് എം.ജെ.: ഓഫീസ് സൂപ്രണ്ട്

ഇവരുടെ സ്തുത്യർഹമായ സേവനങ്ങൾ നിർമലഗിരി കോളേജ് മാനേജ്മെന്റും അധ്യാപക-അനധ്യാപക സമൂഹവും നന്ദിപൂർവം അനുസ്മരിക്കുകയും പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ചെയ്യുന്നു.

**ഡോ. ഔസേപ്പച്ചൻ കെ.വി.**
പ്രിൻസിപ്പൽ

# വിമൽ ജ്യോതി വാർത്തകൾ

കോവിഡ് 19 പ്രതിരോധ പ്രവർത്തനരംഗത്ത് ചുരുങ്ങിയ കാലംകൊണ്ട് വലിയ സംഭാവനകൾ നൽകാൻ വിമൽ ജ്യോതിക്ക് സാധിച്ചു എന്നത് അഭിമാനത്തോടെ ഓർക്കുന്നു. കോളേജ് മാനേജ്മെന്റ് ഒരുക്കിക്കൊടുത്ത സൗകര്യങ്ങൾ ഉപയോഗിച്ച് പ്രിൻസിപ്പൽ ഡോ.ബെന്നി ജോസഫ് സാറിന്റെയും, റിസേർച്ച് ഡീൻ ഡോ. ടി.ഡി. ജോൺ, പ്രൊഫ. ഡോ. സമ്പത്ത്കുമാർ, റോബോട്ടിക് സയന്റിസ്റ്റ് പ്രൊഫ. സുനിൽ പോൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ നമ്മുടെ സമർത്ഥരായ വിദ്യാർത്ഥികളാണ് ഗവേഷണ വിഭാഗത്തിൽ പ്രവർത്തിക്കുന്നത്.

അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, തലശ്ശേരി ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലും, വിവിധ പോലീസ് സ്റ്റേഷനുകൾ, കോവിഡ്-19 നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്ന കേന്ദ്രങ്ങളിലുമായി വെന്റിലേറ്ററുകൾ, നൈറ്റിംഗേൽ-19, ഹെർക്കുലീസ്-19, ടുവീലർ ബേസ്ഡ് സാനിറ്റൈസർ, സ്പ്രെയർ, മാസ്ക് ഇവയെല്ലാം നിർമ്മിച്ച് നൽകാൻ നമുക്ക് സാധിച്ചു. 4 ലക്ഷത്തോളം രൂപ ഇവയ്ക്കായി കോളേജ് ചിലവാക്കിയിട്ടുണ്ട്.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

സമർത്ഥരായ സ്കൂൾ വിദ്യാർത്ഥികളിൽ നേതൃത്വവാസന വളർത്താനും മത്സര പരീക്ഷകളിൾ വിജയം നേടാൻ പ്രാപ്തരാക്കുവാനും വേണ്ടി ഓൺലൈൻ പരിശീലന പരിപാടി വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയിൽ ആരംഭിച്ചു. പ്രാരംഭ ഘട്ടത്തിൽ ഒന്നര മണിക്കൂർ വീതമുള്ള 40 ദിവസത്തെ പരിശീലനമാണ് നൽകുന്നത്. തുടർന്ന് വ്യത്യസ്ത പരിശീലന പരിപാടികൾ ഉണ്ടാകും. https://forms.gle/QJn9mCfw5PEv4LBP6 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Fr.Subin-8943615547 Fr.Rinoy-9495949427.

ഡിഗ്രി അവസാന വർഷക്കാർക്കും ഡിഗ്രി കഴിഞ്ഞവർക്കും ലേൺ ഫ്രം ഹോം സിവിൽ സർവ്വീസ് പരിശീലനവുമായി വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയുടെ പുതിയ ബാച്ച്. 2021 ൽ സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്നവർക്കായി പുതിയ ബാച്ചിൽ അഡ്മിഷൻ തുടരുന്നു. ഇന്ത്യയിലെ പ്രശസ്ത IAS അദ്ധ്യാപകരുടെ ലൈവ് ക്ലാസ്സുകൾ ആപ്പ് വഴിയും പോർട്ടലിലും ലഭ്യമാകുന്നു. ലോക്ക് ഡൗൺ പീരിയഡിനു ശേഷം സാധാരണ ക്ലാസ്സ് റൂം ക്ലാസ്സുകൾ ആരംഭിക്കും. സിവിൽ സർവ്വീസ് , UPSC മത്സര പരീക്ഷകൾക്ക് എങ്ങനെ തയ്യാറെടുക്കാം എന്നതിനെ പറ്റിയുള്ള സൗജന്യ ഫേസ്ബുക്ക് ഗൈഡൻസ് സീരീസ് മേയ് 15 മുതൽ ആഗസ്റ്റ് 28 വരെ നടന്നു വരുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് https://www.facebook.com/AlternativeLearningSystems എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : സ്റ്റാൻലി - 9946789490.

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ പ്ലേസ്മെന്റ് ട്രെയിനിംഗ് കമ്പനിയായ ഫെയ്സ് അക്കാഡമിയുടെ നേതൃത്വത്തിൽ അവസാനവർഷത്തേയ്ക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികളെ ജോലിനേടാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി, മെയ് 29 വരെ ഓൺലൈൻ പ്ലേസ്മെന്റ് ട്രെയിംനിംഗ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു.
- ഓൺലൈൻ വിദ്യാഭ്യാസരംഗത്തെ പ്രശസ്ത കമ്പനിയായ ബൈജൂസ് ലൈണിംഗ് ആപ്പ് വിമൽ ജ്യോതി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഓൺലൈൻ കാമ്പസ് റിക്രൂട്ട്മെന്റ് വഴി 3 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 10 ലക്ഷം രൂപാ ശമ്പള വാഗ്ദാനത്തോടെ ജോലി ലഭിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് തുടർന്നുകൊണ്ടിരിക്കുന്നു.
- ഐ.സി.റ്റി അക്കാഡമിയുമായി സഹകരിച്ച് ഫ്യൂച്ചർ ഓഫ് ഐ.റ്റി. കരിയർ എന്ന വിഷയത്തിൽ മെയ് 8ന് ഒരു വെബിനാർ സംഘടിപ്പിച്ചു. ആമസോൺ, ടി.സി.എസ്, ഈ.വൈ, ഇൻആപ്പ് തുടങ്ങിയ പ്രമുഖ കമ്പനികളുടെ എച്ച്.ആർ മാനേജർമാർ കുട്ടികളുമായി സംവദിച്ചു.

## B.Tech, M.Tech, MBA Admission 2020-21

2020–21 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. നിലവിലുള്ള 6 ബ്രാഞ്ചുകളിലും, കൂടാതെ ഈ വർഷം AICTE അനുവദിച്ചുതന്ന കമ്പ്യൂട്ടർ സയൻസിലെ മൂന്നാമത്തെ ബാച്ചിലേയ്ക്കും, പുതിയ പ്രോഗ്രാം B.Tech in Artificial Intelligence & Data Science (KTU ന്റെ അംഗീകാരത്തിനു വിധേയമായി) ലേക്കും അഡ്മിഷൻ ലഭിക്കുന്നതാണ്. വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുക.

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9645408161, 9447683082, 9846423448, 0460 2213399, 2212240.

## സൗജന്യ കെമാറ്റ് ഓൺലൈൻ എൻട്രൻസ് കോച്ചിങ്

ചെമ്പേരി വിമൽ ജ്യോതി എംബിഎ കോളേജിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം എംബിഎ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്കായി സൗജന്യ ഓൺലൈൻ കെമാറ്റ് എൻട്രൻസ് കോച്ചിങ്ങും കരിയർ ഓറിയന്റേഷൻ പ്രോഗ്രാമും നടത്തുന്നു. ഈ കോച്ചിങ്ങുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. സീറ്റുകൾ പരിമിതം. 50%ൽ അധികം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 9400512240 / 8943615547 / www.vjim.ac.in / admission @vjim.ac.in

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# എ.കെ.സി.സി.

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ! കോവിഡ് 19 എന്ന മഹാമാരിയെ പ്രതിരോധിക്കുന്നതിനായി സർക്കാറുകളും നമ്മുടെ അതിരൂപതയും സമൂഹവും നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ച് നേതൃത്വം നല്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു.

## കത്തോലിക്കാ കോൺഗ്രസ് ജന്മദിനം ഏപ്രിൽ 30

കത്തോലിക്കാ കോൺഗ്രസ് 102-ാം ജന്മദിനമായ ഏപ്രിൽ 30ന് അതിരൂപതയിൽ വാഴ നട്ട് ആണ് അചരിച്ചത്. അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് ആർച്ച് ബിഷപ്സ് ഹൗസിൽ വാഴ നട്ട് അതിരൂപ താതല ഉദ്ഘാടനം നിർവ്വഹിച്ചു. സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതിരൂപതാ ഭാരവാഹികളുടെയും ഫൊറോന-യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ വളരെയധികം നേതാക്കൾ തങ്ങളുടെ കൃഷിയിടങ്ങളിൽ വാഴ നട്ടു. തുടർന്നു സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ ഒന്നുചേർന്ന് കോവിഡിനെ പ്രതിരോധിക്കുന്നതിനായി തിരി കത്തിച്ച് പിടിച്ച് നിത്യമാം പ്രകാശമേ... എന്ന പ്രാർത്ഥനാഗാനം ആലപിക്കു കയും ചെയ്തു. പങ്കെടുത്ത മുഴുവൻ പ്രവർത്തകരെയും അഭിനന്ദിക്കുന്നു.

## അതിരൂപതാഭാരവാഹികളുടെ യോഗം - ആരാധനാലയങ്ങൾ തുറന്ന് തരണം

കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികളുടെ യോഗം മെയ് 9ന് വീഡിയോ കോൺഫ്രൻസിലൂടെ നടത്തപ്പെട്ട കോവിഡ് 19 ലോക്ഡൗൺ നിബന്ധനകൾ വിധേയമായി ആരാധനാലയങ്ങൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു. മുഴുവൻ നേതാക്കന്മാരും പ്രവർത്തകരും സജീവമായി പങ്കെടുക്കണമെന്ന് യോഗം അഭ്യർത്ഥിച്ചു. അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ വീഡിയോ കോൺഫ്രൻസ് ഉദ്ഘാടനം ചെയ്തു. പ്രവാസി ഹെൽപ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

## അതിരൂപതാ എക്സിക്യൂട്ടീവ് യോഗം കർഷകരെ സഹായിക്കുന്നു

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം 11.05.2020 ന് നടന്നു. അതിരൂപതഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്തു. സഹകണ സംഘങ്ങൾ മുഖേന സംഭരിച്ച് കശുവണ്ടിയുടെ വില ഉടൻ കർഷകർക്ക് നല്കണമെന്ന് യോഗം ആവശ്യപ്പെട്ടു. റബ്ബർ ഉൾപ്പെടെയുള്ള കാർഷികോല്പന്നങ്ങളുടെ സംഭരണം ഉടൻ ആരംഭിക്കുക, റബ്ബർ വിലസ്ഥിരത,

ഫണ്ട് കുടിശ്ശിക ഉടൻ വിതരണം ചെയ്യുക. തുടങ്ങിയ ആവശ്യങ്ങളും യോഗം ഉന്നയിച്ചു. കേന്ദ്ര സംസ്ഥാന സർക്കാറുകൾ പ്രഖ്യാപിച്ച കാർഷിക പാക്കേജ് അപര്യാപ്തമെന്ന് യോഗം വിലയിരുത്തി. കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ വളരെ ലളിതമായ നിബന്ധനകളോടെ കർഷകന്റെ നേരിട്ട് നൽകണമെന്നുംയോഗം ആവശ്യപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫ്രൻസ് അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ ഉദ്ഘാടനം ചെയ്തു. അഡ്വ. ടോണി പുഞ്ചക്കുന്നേൽ ചാക്കോച്ചൻ കാരാമയിൽ ജോണി തോമസ് വടക്കേക്കര, ബെന്നി പുതിയാപുറം മുതലായവർ നേതൃത്വം നല്കി.

**1. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി-സാമ്പത്തികരംഗം**

മെയ് -6 കോവിഡ് 19 മൂലം ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി അതിജീവിക്കുവാൻ ജനങ്ങളെ ഒരുക്കുന്നതിനായി വിവിധ രംഗങ്ങളിലെ വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ടു വീഡിയോ സെമിനാർ ജസ്റ്റീസ് കുര്യൻ ജോസഫ്, കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി ടി.സി. മാത്യു (ദീപിക) പി.സി. സിറിയക്, ഡോ. സണ്ണി ഓരത്തേൽ, ഡോ. മോഹൻ തോമസ് പകലോമറ്റം, ഡേവിഡ് എടക്കളത്തൂർ, പങ്കെടുത്തു. അഡ്വ. ബിജു പറയന്നിലം നേതൃത്വം നല്കി.

**2. മെയ് 13 ഗ്ലോബൽ യൂത്ത് സെമിനാർ - ബിഷപ്പ് മാർ റെമജീയൂസ് ഇഞ്ചനാനീ ഉദ്ഘാടനം ചെയ്തു**

ജോസഫ് അന്നംകുട്ടി ജോസ്, അൽഫോൻസ് കണ്ണന്താനം, ഡോ. ബെന്നി ജോസഫ്, ടി.കെ. ജോസ് ഐ.എ. എസ്. അൽഫോൻസ് ജോസഫ് മനോജ് സണ്ണി, ഫാ. ജിയോ കടവി തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. പാലാരൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ സമാപനസന്ദേശം നല്കി.

**3. മെയ് 20 രൂപതാ പ്രസിഡന്റുമാരുടെയോഗം ചേർന്നു**

**4.മെയ് 23 ഗ്ലോബൽ സെമിനാർ – സമഗ്ര കാർഷിക വികസന ഉദ്ഘാടനം. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആഡ്രൂസ് താഴത്ത്**

ജോമി മാത്യു (കർണ്ണാടക) പി.ജെ. ജോസഫ് എം.എൽ.എ., ജോസ് ജേക്കബ്, ജോസ് കെ.മാണി എം.പി, ഫാ. ജെയിംസ് മാളിയേക്കൽ, ഡീൻ കുര്യാക്കോസ് എം.പി, ജയിംസ് മാത്യു എം.എൽ.എ. ഡോ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപതമെത്രാൻ മാർ ജോസ് പുളിക്കൽ സമാപനസന്ദേശം ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മോഡറേറ്റർ ആയിരുന്നു.

ജൂൺമാസാരംഭത്തിൽ യൂണിറ്റ് പ്രസിഡന്റുമാരടക്കമുള്ള അതിരൂപത കമ്മിറ്റി വിളിച്ച് ചേർത്ത മേൽപറഞ്ഞ കമ്മിറ്റികളിലെയും സെമിനാറുകളിലെയും നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതികൾക്കു രൂപം നല്കുന്നതാണ്. എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കോവിഡ് 19 – പ്രതിരോധത്തിൽ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് , മാർ ജോസഫ് പാംപ്ലാനി എന്നിവരുടെ നേതൃത്വത്തിൽ അതിരൂപത നടത്തുന്ന പ്രവർത്തനങ്ങൾക്കു എല്ലാവിധ സഹായവും പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

# ഇൻഫാം വാർത്തകൾ

## നിവേദനം സമർപ്പിച്ചു

കർഷകരുടെ കടങ്ങൾ എഴുതിത്തള്ളണമെന്നും റബ്ബർ കർഷകരുടെ മുടങ്ങിക്കിടക്കുന്ന ഇൻസെന്റീവ് വിതരണം ചെയ്യണമെന്നും റബ്ബർ, കശുവണ്ടി, തേങ്ങാ തുടങ്ങിയവ സംഭരിക്കാൻ സംവിധാനം ഒരുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി, കർഷകമന്ത്രി, ധനമന്ത്രി എന്നിവർക്ക് മെയിൽ അയച്ചു.

## കണ്ണൂർജില്ല

പല പ്രാവശ്യം ജില്ലാതല എക്സിക്യൂട്ടീവ് ഓൺലൈൻ കോൺഫറൻസ് നടത്തി. നിവേദന കാര്യങ്ങളും യൂണിറ്റ് പുനർജീവനപരിപാടികളും ചർച്ച ചെയ്തു. ഫാ. ജോസഫ് കാവനാടി, സ്കറിയ നെല്ലംകുഴി, സ്കറിയ കളപ്പുര, ലാലിച്ചൻ കുഴിയാത്ത്, തോമസ് ആലപ്പാട്ട്, ജോസ് തോണിക്കൽ, ആന്റണി ജീരകത്തിൽ, സണ്ണി പുല്ലുവേലിൽ, സണ്ണി തുണ്ടത്തിൽ, ഉണ്ണികൃഷ്ണൻ ചുഴലി, ഷാജി തെക്കേക്കര തുടങ്ങിയവർ ഓൺലൈൻ ചർച്ചകളിൽ പങ്കാളികളായി.

## കാസർഗോഡ് ജില്ല

കോവിഡ് 19-ന്റെ ലോക്ഡൗണിനുശേഷം കാസർഗോഡ് ജില്ലാ കമ്മിറ്റിയുടെ രൂപീകരണവും യൂണിറ്റുകളുടെയും മേഖലകളുടെയും ശാക്തീകരണത്തെക്കുറിച്ച് ഓൺലൈൻ ചർച്ച നടത്തപ്പെട്ടു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ (ദേശീയ ചെയർമാൻ). ഫാ. ജോസഫ് കാവനാടി (സംസ്ഥാന ജനറൽ സെക്രട്ടറി), ഫാ. തോമസ് തയ്യിൽ, ഫാ. പീറ്റർ കൊച്ചു വീട്ടിൽ, തുടങ്ങിയ മേഖലാ ഡയറക്ടർമാരുമായി ചർച്ച ചെയ്തു. വൈദികരുടെ സ്ഥലമാറ്റത്തിനുശേഷം പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ.

എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

---

സർക്കാരുകളുടെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നമുക്ക് മുന്നേറാം. നിങ്ങളുടെ ജീവിതസാഹചര്യങ്ങളിലും മനോഭാവങ്ങളിലും മാറ്റം വരുത്തി കോവിഡ് 19-ൽ നിന്ന് രക്ഷ നേടുന്നതിന് പരിശ്രമിക്കാം.

**5. വിദ്യാഭ്യാസ സെമിനാർ മെയ് 27-ന്** ഉദ്ഘാടനം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്. പ്രൊഫ. സാബു തോമസ്, റോജി ജോൺ എം.എൽ.എ., ഫാ. ജോസ് കാരിവേലിക്കൽ തുടങ്ങിയവർ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# കർഷകവർഷം 2020

## അഭിനന്ദനങ്ങൾ

കോവിഡിന്റെ പശ്ചാത്തലത്തിൽ ബഹു. അച്ചന്മാരും സന്യസ് തരും ദൈവജനവുമെല്ലാം കാർഷിക സംസ്ക്കാരത്തിലേക്ക് കാർഷിക ഭൂമിയിലേക്കും ഇറങ്ങുകയും പച്ചക്കറി കൃഷിത്തോട്ടങ്ങൾ നിർമ്മി ക്കുകയും ചെയ്യുന്നതിന് അഭിനന്ദനങ്ങൾ

## ശ്രദ്ധിക്കാൻ

1. ആസന്നകാലവും ഭാവി വർഷങ്ങളും പലതരത്തിലുള്ള ദാരിദ്ര്യത്തിന്റെ മേഖലകളായിരിക്കും എന്ന മുന്നറിയിപ്പാണ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് അതിനാൽ നമ്മുടെ കൃഷിയിടങ്ങളിലെല്ലാം പരമാവധി സാധ്യമായ കൃഷികൾ നടത്താൻ ശ്രദ്ധിക്കുക.

2. ഭക്ഷ്യ സ്വയം പര്യാപ്തത എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി നമ്മളുമായി ബന്ധപ്പെട്ടുകഴിയുന്ന മറ്റുള്ളവരെക്കൂടി ഇക്കാര്യം അറിയിച്ച് പരമാവധി വിത്തുകളും ഫലവൃക്ഷതൈകളും കൈമാറാൻകൂടി പ്രോത്സാഹിപ്പിക്കുക.

3. പ്രാദേശികമായി വിത്ത്, തൈകൾ, ജൈവകീടനാശിനികൾ തുടങ്ങിയവ കൃഷിഭവനുകളിൽ നിന്നും ലഭ്യമാണ്. വാർഡുപ്രതി നിധികൾ, സ്വാശ്രയസംഘ ഭാരവാഹികൾ തുടങ്ങിയവരിലൂടെ ഇവ ലഭ്യമാക്കാൻ ബഹു. അച്ചന്മാർ മുൻകൈ എടുത്താൽ നന്നായി.

4. ജൂൺ ജൂലൈ മാസങ്ങൾ ഓരോ ഡിപ്പാർട്ടുമെന്റും നിർദ്ദേശി ച്ചിരിക്കുന്ന കർമ്മപദ്ധതികൾ ശ്രദ്ധാപൂർവ്വം ആവിഷ്ക്കരിക്കാൻ കൂടി എല്ലാവരും സഹകരിക്കുമല്ലോ.

5. ജൂൺ -ജൂലൈ മാസങ്ങളിൽ വിവിധ സംഘടനകൾ ഊന്നൽ കൊടുക്കുന്ന പൊതുകർമ്മപദ്ധതി (ദിയാക്കോണിയ) കർഷകവർഷവുമായി ബന്ധപ്പെട്ടതാണ്. കർഷകവർഷത്തിന്റെ ഭാഗമായി സംഘടനകളുടെ നേതൃത്വത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും താല്പര്യപൂർവ്വം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
കർഷകവർഷം ഡയറക്ടർ

# ദിയാക്കോണിയ
## ജൂൺ - ജൂലൈ 2020

**പൊതുപദ്ധതി:** കാർഷിക ബോധവത്ക്കരണം, ജൈവവള ഉത്പാദനം, നവീന കൃഷി രീതികൾ: മത്സ്യ കൃഷി, ഒരുവീട് - 10 കോഴി പദ്ധതി ന്യൂനപക്ഷ ആനുകൂല്യങ്ങൾ, നേതൃത്വ പരിശീലനം

| | |
|---|---|
| **മതബോധനം, മിഷൻലീഗ്, തിരുബാലസഖ്യം** | കാർഷിക സെമിനാർ: ആരോഗ്യവും പച്ചക്കറിയും, അടുക്കളയും അടുക്കളത്തോട്ടവും, ജൈവവളത്തിന്റെ പ്രാധാന്യം, * വിവിധ പദ്ധതികൾ: ഒരു വീട് ഒരു മുരിങ്ങ, അറിയാം കുമ്പളങ്ങയെ, ഗ്രീൻ മിഷൻ, കൃഷി പാഠം, നാട്ടറിവ്, ന്യൂനപക്ഷ അവകാശങ്ങൾ |
| **കെ. സി. വൈ. എം, എസ്.എം.വൈ.എം.** | ചിറ്റ് ചാറ്റ് വിത്ത് ഫാർമർ, സർക്കാർ സേവനങ്ങളെക്കുറിച്ച് അറിവ് നൽകുക, ഗ്രീൻ ഫോഴ്സ്, കാർഷിക പ്രതിസന്ധികളിൽ കൂട്ടായ്മ സംഘടിപ്പിക്കുക. * ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനുള്ള കർമ്മ പദ്ധതി, രാഷ്ട്രീയ സമിതി ബോധവത്ക്കരണം. നേതൃത്വ പരിശീലന സെമിനാർ മേഖലാ തലത്തിൽ (പഞ്ചായത്ത് തിരഞ്ഞെടുപ്പ്) |
| **ഫാമിലി അപ്പസ്റ്റോലേറ്റ്** | മാംസോല്പാദന പരിശീലനം: മുയൽ, കോഴി, താറാവ് തുടങ്ങിയവ, * ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങൾ, * രാഷ്ട്രീയ സമിതി ബോധവത്ക്കരണം, നേതൃത്വ പരിശീലന സെമിനാർ മേഖലാ തലത്തിൽ (പഞ്ചായത്ത് തിരഞ്ഞെടുപ്പ്) |
| **ടി. എസ്. എസ്. എസ്** | കാർഷിക ബോധവത്ക്കരണം, കാർഷിക ലോൺ വിതരണം, ജൈവവള നിർമ്മാണം, ജൈവ കീടനാശിനി നിർമ്മാണ ക്ലാസ്സുകൾ, കാർഷിക കൂട്ടായ്മ രൂപീകരണം, കാർഷിക രീതി പരിശീലനം, മഞ്ഞൾ വിത്ത് വിതരണം - കിലോ 100 രൂപ * ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനുള്ള പദ്ധതികൾ, ആദിവാസികൾക്ക് സൗജന്യ വിത്ത് വിതരണം |
| **ഇൻഫാം** | കാർഷിക സെമിനാറുകൾ: ഇടവക, ഫൊറോന, റീജിയൻ തലങ്ങളിൽ, മാതൃക കൃഷിത്തോട്ടങ്ങൾ, ഫാമുകൾ, സംസ്ക്കരണ യൂണിറ്റുകളിലെ സന്ദർശനം, * ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങൾ, രാഷ്ട്രീയ സമിതി ബോധവത്ക്കരണം നേതൃത്വ പരിശീലന സെമിനാർ മേഖലാ തലത്തിൽ (പഞ്ചായത്ത് തിരഞ്ഞെടുപ്പ്) |

| | |
|---|---|
| **ഫ്രൂട്ട്സ് & എ. കെ. സി. സി** | കൃഷിത്തോട്ട സന്ദർശനം വിജയികളെ കണ്ടെത്തൽ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരണം *നേതൃത്വ പരിശീലന സെമിനാർ മേഖലാ തലത്തിൽ (പഞ്ചായത്ത് തിരഞ്ഞെടുപ്പ്) * ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങൾ, രാഷ്ട്രീയ സമിതി ബോധവത്ക്കരണം |
| **മദ്യവിരുദ്ധസമിതി, എ. ഡി. എസ്. യു, മുക്തിശ്രീ** | സ്കൂൾ സന്ദർശനങ്ങൾ - കാർഷിക ബോധവത്ക്കരണ സെമിനാർ, സ്കൂളുകളിലെ പച്ചക്കറി കൃഷി, കാർഷിക ലോൺ വിതരണം.* നേതൃത്വ പരിശീലന സെമിനാർ മേഖലാ തലത്തിൽ (പഞ്ചായത്ത് തിരഞ്ഞെടുപ്പ്) |
| **ആദം** | വിത്ത് വിതരണം, കാർഷിക ബോധവത്ക്കരണ ക്ലാസ്സുകൾ കാർഷിക ലോൺ, മത്സ്യ കൃഷി |
| **കോർപ്പറേറ്റ് വിദ്യാഭ്യാസഏജൻസി** | ന്യൂനപക്ഷ ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള പദ്ധതികൾ; ഫലവൃക്ഷതൈകൾ സ്കൂൾ പരിസരത്ത് നട്ടുപിടിപ്പിക്കുന്നു, കാർഷിക ക്ലബ്ബ് രൂപീകരിക്കുന്നു.* സ്കൂൾ പരിസരത്ത് വിവിധയിനം പൂച്ചെടികൾ നട്ടുപിടിപ്പിച്ച് ആകർഷകമാക്കുന്നു.*ക്ലാസ്സ് മുറികൾ, ഓഫീസ് റൂം എന്നിവടങ്ങളിൽ ചെടിച്ചട്ടികളിൽ പൂച്ചെടികൾ വളർത്തുന്നു. |

**ഫാ. ഫിലിപ്പ് കവിയിൽ**
അജപാലന ഏകോപനസമിതി കോഡിനേറ്റർ

# എ. ഡി. എസ്. യു.

## പ്രബന്ധരചനാ മത്സര ഫലങ്ങൾ

എ.ഡി.എസ്.യു. അംഗങ്ങൾക്കുവേണ്ടി രണ്ടു വിഭാഗങ്ങളിലായി കോവിഡ്-19 പഠിപ്പിച്ച പാഠം എന്നതിനെക്കുറിച്ച് നടത്തപ്പെട്ട പ്രബന്ധരചനാ മത്സരങ്ങളുടെ റിസൽട്ട് ചുവടെ ചേർക്കുന്നു.

### A വിഭാഗം: 5 മുതൽ 8 വരെ ക്ലാസ്സുകളിലുള്ളവർ

I ആൻമരി ബാബു മഠത്തിക്കുന്നേൽ -എടൂർ, സെന്റ് മേരീസ്
II അലീന സജി - കരിക്കോട്ടക്കരി, സെന്റ് തോമസ് എച്ച് എസ്
III അന്ന മരിയ വിനോദ് - ചെമ്പേരി, നിർമ്മല, യുപി
മരിയ ജോമോൻ - മഞ്ഞളാംപുറം യുപി.

എ വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പങ്കെടുത്തത് ചെമ്പേരി, നിർമ്മല യു.പി.സ്കൂളാണ്. ഹെഡ്മിസ്ട്രസിനും ആനിമേറ്ററിനും ഹൃദ്യമായ അഭിനന്ദനങ്ങൾ!

### B വിഭാഗം: 9 മുതൽ 12 വരെ ക്ലാസുകളിൽ

I അനുഗ്രഹ ബിജേഷ് - പേരാവൂർ സെന്റ് ജോസഫ്സ് എച്ച്എസ്എസ്
II ജെസ്റ്റിൻ തോമസ് - കരിക്കോട്ടക്കരി, സെന്റ് തോമസ് എച്ച്എസ്
III ചെൽസിയ വിനു - കുടിയാന്മല, മേരി ക്യൂൻസ് എച്ച് എസ്

### C വിഭാഗം എഡി എസ് യുവിന്റെ സ്കൂൾ ആനിമേറ്റർമാർ

I മഞ്ചുഷ കുര്യൻ, പേരാവൂർ, സെന്റ് ജോസഫ് എച്ച്എസ്എസ്
II സി. ഷൈല എസ്.കെ.ഡി. - ചെമ്പേരി നിർമ്മല യുപി
III സി. റോസ് ലിൻ ജോസഫ് എഫ്.സി.സി. മേരിഗിരി എച്ച്എസ്എസ്

## സമ്മാനങ്ങൾ

### A, B വിഭാഗങ്ങൾ

I - 1000 രൂപ , II - 750 രൂപ, III -500 രൂപ

### C വിഭാഗം

I - 1500 രൂപ , II - 1000 രൂപ, III -750 രൂപ

പങ്കെടുത്ത ആനിമേറ്റർമാർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനം. ഒപ്പം പങ്കെടുപ്പിച്ചവർക്കും സമ്മാനദാന തീയതി പിന്നീട് അറിയിക്കും.

## കർഷകവർഷം: പച്ചക്കറിത്തോട്ടം സ്കൂളുകളിൽ

കോവിഡ് 19-ന്റെ അവധിക്കുശേഷം സ്കൂൾ തുറക്കുമ്പോൾ നമ്മുടെ എല്ലാ സ്കൂളുകളിലും നമുക്ക് പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കണം. അതിനുവേണ്ടി നേരത്തെ തന്നെ അതിനാവശ്യമായ വിത്തുകളും തൈകളും കരുതി വയ്ക്കണം. ആനിമേറ്റർമാർ ഇതിനായ് പ്രത്യേകം ശ്രദ്ധിക്കുക. വിദ്യാർത്ഥികളെ വിളിച്ച് അറിയിക്കാൻ മറന്നുപോകരുതേ. സ്കൂൾതല മത്സരവുണ്ടായിരിക്കും.

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

## കോവിഡ് 19: നിരീക്ഷണ കേന്ദ്രം

നമ്മുടെ ചികിത്സാ കേന്ദ്രം മാർച്ച് 25 മുതൽ നാളിതുവരെ വൈറസ് ബാധയുടെ ഏതെങ്കിലും ലക്ഷണമുള്ളവരെ പാർപ്പിക്കുന്ന നിരീക്ഷണ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. അതിനാൽ എന്നുമുതൽ മദ്യപാന രോഗ ചികിത്സ തുടങ്ങാനാവുമെന്ന് പറയാനാവില്ല. തുറക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## വീഡിയോ കോൺഫറൻസ് -NAPDDR

ഏപ്രിൽ 17-ാം തീയതി 11 മണി മുതൽ 2 മണി വരെ Drug preven tion നെയും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ചികിത്സാ കേന്ദ്ര ത്തിന്റെ പ്രവർത്തനങ്ങളെയും കുറിച്ച് ചർച്ച ചെയ്യാൻ NAPDDR ആഭിമുഖ്യത്തിൽ ഡൽഹിയിലെ സാമൂഹ്യനീതി ഓഫീസിലെ വീഡിയോ കോൺഫറൻസിൽ ഡയറക്ടർ പങ്കെടുത്ത് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മദ്യാസക്തി വിഷയങ്ങളെയും പ്രതീക്ഷ കേന്ദ്രത്തിന്റെ നിലവിലെ സംവിധാനങ്ങളെയും കുറിച്ച് സംസാരിച്ചു.

## വീഡിയോ കോൺഫറൻസ് - FINGODAP

ഏപ്രിൽ 22-ാം തീയതി ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട-FINGODAP (ചികിത്സാ കേന്ദ്രഡയറക്ടർമാരുടെ ഫെഡറേഷൻ) ന്റെ വീഡിയോ കോൺഫറൻസ് നടത്തപ്പെട്ടു. നിലവിലെ സംവിധാനങ്ങളെയും ഭാവി കാര്യങ്ങളെയും കുറിച്ച് ആലോചിച്ചു.

---

## വീടുകളിൽ പച്ചക്കറിത്തോട്ടം

നമ്മുടെ വീടുകളിൽ നമുക്കാവശ്യമായ പച്ചക്കറി വിഭവങ്ങൾ ഉണ്ടാക്കാൻ ആനിമേറ്റർമാരും ഉത്തരവാദിത്വപ്പെട്ട സ്കൂൾ അധികൃതരും മുൻകൂട്ടി കുട്ടികളെ അറിയിച്ചാൽ അതൊരു നൂതന പ്രചോദനമായിരിക്കും.... ശ്രദ്ധിക്കുമല്ലോ.

## ഓൺലൈൻ എക്സിക്യൂട്ടീവ്

പലപ്രാവശ്യം എഡിഎസ്‌യു അതിരൂപതാ എക്സിക്യൂട്ടീവ് കോൺ ഫറൻസ് നടത്തി. മനോജ് എം. കണ്ടത്തിൽ, മഞ്ജുഷ കുര്യൻ, ആൽബിൻ മണ്ടുംപാല, സെബിൻ ജോസ്, സി. ഷൈല എസ്.കെ.ഡി. റീന ചെറിയാൻ, റിൻസി പി. കുര്യൻ തുടങ്ങിയവർ പങ്കെടുത്തു.

സഹകരണങ്ങൾക്ക് നന്ദി,

**ഫാ. ജോൺസൺ അന്ത്യാംകുളം**
**ഡയറക്ടർ**

## ഓൺലൈൻ കോൺഫറൻസ് - മാനേജിഗ് കമ്മിറ്റി

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രബന്ധരചനാമത്സരം നടത്തുന്നതിനെ കുറിച്ച് ഏപ്രിൽ 19 ന് നടത്തപ്പെട്ട ഓൺലൈൻ കോൺഫറൻസിൽ വച്ച് തീരുമാനമായി. അതനുസരിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉൾപ്പെട്ടതും 15 വയസിൽ കൂടുതൽ പ്രായമുള്ളതുമായ ഏവർക്കും വൈദികർക്കും സിസ്റ്റേഴ്സിനും ഉൾപ്പെടെയാണ് പ്രബന്ധരചനാ മത്സരം സംഘടിപ്പിക്കുന്നത്. മദ്യം ഒരു അവശ്യവസ്തുവോ? കോവിഡ് 19 പഠിപ്പിച്ച പാഠം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള 4 പേജ് ഉള്ള മത്സരത്തിന് 3 തരം സമ്മാനങ്ങൾ.

1. ക്യാഷ്: ഒന്നാംസമ്മാനം 3000/-, രണ്ടാംസമ്മാനം 2000/-, മൂന്നാം സമ്മാനം 1000/-
2. ആദ്യത്തെ മികച്ച 10 പ്രബന്ധങ്ങൾക്ക് ആയിരം രൂപ വിലവരുന്ന പുസ്തകങ്ങൾ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഫൗണ്ടേഷൻ വക നൽകും.
3. തിരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ പുസ്തകമായി പ്രസിദ്ധം ചെയ്യും.

### ശ്രദ്ധിക്കാൻ:

1. മെയ് 2ന് ആണ് പ്രബന്ധങ്ങൾ സ്വീകരിക്കപ്പെടുന്ന അവസാന തീയതി. വാട്സ്ആപ്പ് 9496 137 488.
2. പുരസ്ക്കാര വിതരണ തീയതി പിന്നീട് അറിയിക്കും.

## സഹായഹസ്തത്തിന് ആദരവ്

അതിരൂപതയുടെ പേരിൽ പ്രതീക്ഷയും Sifam ഉം സംയുക്തമായി തലശ്ശേരിയിലെ DYSP സ്റ്റേഷനിലെ 20 പോലീസുകാർക്ക് ബിരിയാണി വിതരണം ചെയ്ത് തങ്ങളുടെ സേവനത്തിന് ആദരവും അഭിനന്ദനവും അർപ്പിച്ചു.

കരുതലോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ

## ഇരിട്ടിയിൽ വായ് മൂടിക്കെട്ടി സമരം

കൊറോണക്കാലത്ത് മദ്യഷാപ്പുകൾ അടയ്ക്കാതിരുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഇരിട്ടി ടൗണിൽ വായ്മൂടിക്കെട്ടി സമരം നടന്നു. മാർച്ച് 20ന് നടന്ന പ്രതിഷേധ സമരം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡോ. ജോസ്‌ലെറ്റ് മാത്യു, ആന്റണി സാർ മേൽവെട്ടം, മാത്യു എം. കണ്ടം, ഷിനോ പാറയ്ക്കൽ, ഷെൽസി കാവനാടിയിൽ, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, ജോസ് ചാവശ്ശേരിൽ, റോസിലി കാരിക്കക്കുന്നേൽ, മേരി ആലയ്ക്കാമറ്റം എന്നിവർ നേതൃത്വം നൽകി.

## ബാറുകൾ അടഞ്ഞുതന്നെ കിടക്കണം: മുഖ്യമന്ത്രിക്ക് നിവേദനം അയച്ചു

കൊറോണക്കാലത്ത് ബാർ തുറക്കുമെന്ന വകുപ്പ് മന്ത്രിയുടെ പ്രസ്താവനയെ സുബോധമില്ലാത്ത വ്യക്തിയുടെ ജല്പനമായേ കാണുന്നുള്ളൂ എന്നും ബാറുകൾ അടഞ്ഞുതന്നെ കിടക്കണമെന്നും മുഖ്യമന്ത്രിക്കുള്ള നിവേദനത്തിൽ പറഞ്ഞു.

## അബ്കാരി നിയമം ഭേദഗതി ബാർ മുതലാളിമാർക്കുള്ള സർക്കാർ പാരിതോഷികവും കുടുംബങ്ങൾക്കുള്ള ശിക്ഷയും

ഭേദഗതി നടത്തി മദ്യവില്പനയ്ക്ക് ഗവൺമെന്റ് തന്നെ മുൻകൈയ്യെടുക്കുന്നത് ബാർ മുതലാളിമാർക്കുള്ള സർക്കാർ പാരിതോഷികവും ഒപ്പം കേരളത്തിലെ കുടുംബങ്ങൾക്ക് നല്കുന്ന ശിക്ഷയും ആണെന്നും ആയതിനാൽ തീരുമാനം പിൻവലിക്കണമെന്നും പ്രമേയത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചു. ഏപ്രിൽ 16ന് നടന്ന അതിരൂപത ഓൺലൈൻ മീറ്റിംഗിൽ വെച്ചാണ് പ്രമേയം പാസ്സാക്കിയത്.

## മെയ് 1 ഏകദിന ഉപവാസ സത്യാഗ്രഹം

ലോക തൊഴിലാളി ദിനമായ മെയ് 1-ന് കണ്ണൂർ മദ്യവിരുദ്ധ ഏകോപന സമിതിയുടെ നേതൃത്വത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഏകദിന ഉപവാസ സത്യാഗ്രഹം നടന്നു. തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉപവാസം ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പാംപ്ലാനി, ഫാ. ചാക്കോ കുടിപ്പറമ്പിന് നാരങ്ങാ നീര് നല്കി ഉപവാസ സത്യാഗ്രഹം അവസാനിപ്പിച്ചു.

## മലബാർ റീജിയൻ ഡയറക്ടർമാരുടെ യോഗം

മെയ് 7-ാം തീയതി തലശ്ശേരി അതിരൂപത, മാനന്തവാടി രൂപത, തലശ്ശേരി രൂപത, കണ്ണൂർ രൂപത, കോട്ടയം അതിരൂപതയുടെ മലബാർ റീജിയൻ എന്നിവയുടെ ഡയറക്ടർമാരുടെ സംയുക്തയോഗം നടന്നു. സർക്കാർ

ബാറുകൾ തുറക്കാത്തത് മാതൃകാപരമാണെന്നും തൽസ്ഥിതി നിലനിർത്തുക തന്നെ വേണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പ്രസ്താവിച്ചു. റീജിയണൽ ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. തോംസൺ കൊറ്റ്യാത്ത് സ്വാഗതവും ഫാ. സണ്ണി മഠത്തിൽ നന്ദിയും പറഞ്ഞു.

## അതിരൂപതാ സെനറ്റ്

മെയ് 30ന് ശനിയാഴ്ച 11.30 am 12.30 pm അതിരൂപതയിലെ മേഖല ഡയറക്ടർമാർ, മേഖലാ ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, അതിരൂപതാ ഭാരവാഹികൾ എന്നിവർ മാർ ജോസഫ് പാംപ്ലാനി പിതാവുമൊത്ത് ഓൺ ലൈൻ മീറ്റിംഗിൽ പങ്കുചേരുന്നു.

തലശ്ശേരി അതിരൂപതാ, മാനന്തവാടി രൂപത, കണ്ണൂർ രൂപത, കോട്ടയം അതിരൂപതയുടെ മലബാർ റീജിയൻ ഇവ സംയുക്തമായി നടത്തിയ മദ്യവിരുദ്ധ ആശയപ്രചാരണ സമരം 'മദ്യശാലകൾ തുറക്കരുത്' കുടുംബം നശിപ്പിക്കരുത്' എന്ന സമരപരിപാടി തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനവും മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണവും മാർ ജോർജ് വലിയമറ്റം അനുഗ്രഹപ്രഭാഷണവും നടത്തി. മാർ ജോസ് പൊരുന്നേടം, ബിഷപ്പ് അലക്സ് വടക്കുംതല മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

**കണ്ണൂർ കലക്ടറേറ്റ് ധർണ്ണ മെയ് 20** : മദ്യാശാലകൾ തുറക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനത്തെ എതിർത്തു കൊണ്ട് കണ്ണൂർ കലക്ട്രേറ്റിനു മുമ്പിൽ ധർണ്ണ നടത്തി. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഡോ. ജോസ്‌ലെറ്റ് മാത്യു, ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, തങ്കമ്മ പാലമറ്റം എന്നിവർ പ്രസംഗിച്ചു.

**അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്** : മെയ് 11-ന് മാർ ജോസഫ് പാംപ്ലാനി പിതാവുമൊത്ത് ഓൺ ലൈൻ മീറ്റിംഗിൽ മാർഗരറ്റ് മാത്യു സ്വാഗതം പറഞ്ഞു. ഡോ. ജോസ്‌ലെറ്റ് മാത്യു അധ്യക്ഷത വഹിച്ചു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ സി. ലൂസിന എസ്.എച്ച്., ഷിനോ പാറയ്ക്കൽ, മേരി ആലയ്ക്കാമറ്റം, ഐ.സി. മേരി എന്നിവർ പ്രസംഗിച്ചു. ആന്റണി സാർ മേൽവെട്ടം നന്ദി പറഞ്ഞു.

സ്നേഹാദരങ്ങളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**

# സാമൂഹ്യസേവനവേദി

***തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി***

**(ടി.എസ്.എസ്.എസ്.)**

## തലശ്ശേരി കമ്മ്യൂണിറ്റി കിച്ചനിലേക്കു ഭക്ഷ്യവസ്തുക്കളുമായി ബിഷപ്പുമാർ

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരുക്കിയ ഭക്ഷ്യ വസ്തുക്കൾ തലശ്ശേരി മുൻസിപ്പൽ ചെയർമാൻ ശ്രീ സി കെ രമേശനു കൈമാറി. ടി എസ് എസ് എസിന്റെ തന്നെ കൃഷിയിടത്തിൽ നിന്നു ള്ളതും, ബിഷപ്പ് ഹൗസിൽനിന്നു ശേഖരിച്ച തേങ്ങകളും, പച്ചക്കറികളും, വഴക്കുലകളും ഇതിൽ ഉൾപ്പെടുന്നു.

**ടെന്റ് നിർമാണം**: കണ്ണൂർ ജില്ലാ ഭരണകൂടം അവശ്യപ്പെട്ടതനുസരിച്ച് മാഹി പാലത്തിനു സമീപം റവന്യൂ ഉദ്യോഗസ്ഥർക്കും ആരോഗ്യ പ്രവർത്തകർ ക്കുമായി ടെന്റുകൾ നിർമ്മിച്ചു നൽകി.

**കുട്ടികൾക്ക് സഹായം** : 150 ഓളം ഡിഫറെന്റ്‌ലി ഏബിൾഡായ കുട്ടികൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുകയും അവരുടെ ആരോഗ്യസ്ഥിതി അന്വേഷിക്കുകയും ചെയ്തു.

## നിയമപാലകർക്കു സ്നേഹ പൊതിച്ചോറ്

തലശ്ശേരി നഗരസഭയിൽ ഉൾപ്പെടുന്ന വിവിധ പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ സേവനങ്ങളെ ആദരിച്ചുകൊണ്ട്, ഉച്ച ഭക്ഷണമൊരുക്കി നൽകി. ഭക്ഷണം പാകം ചെയ്യുവാനും പൊതിച്ചോറുകൾ തയ്യാറാക്കാനും സന്ദേശ് ഭവനിലെയും, ടി എസ് എസ് എസിലെയും വൈദികരും, സന്യസ്തരും, സ്റ്റാഫും പങ്കുചേർന്നു.

## സാനിറ്റൈസർ സ്റ്റാൻഡ് വിതരണം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂർ കളക്ടറേറ്റ് തലശ്ശേരി തഹസിൽദാർ ഓഫീസ്, ഡീ വൈ എസ് പി ഓഫീസ് , സർക്കിൾ ഓഫീസ് , മുൻസിപ്പൽ ഓഫീസ് എന്നിവിടങ്ങളിൽ സുരക്ഷാ ക്രമീകരങ്ങളുടെ ഭാഗമായി സാനിറ്റൈസർ സ്റ്റാൻഡുകൾ നൽകി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി തലശ്ശേരി സർക്കിൾ ഓഫീസിൽ വച്ച് വിതരണ ഉദ്ഘാടനം നടത്തി. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ആണ് ഈ പുതിയതരം സ്റ്റാൻഡുകൾ നിർമ്മിച്ചത്, വിവിധതരം നൂതന സുരക്ഷാ മാർഗങ്ങൾ ഒരുക്കുന്ന വിമൽ ജ്യോതിയ്ക്കു അഭിനന്ദനങ്ങൾ.

## അതിഥി തൊഴിലാളികൾക്ക് ഭവനങ്ങളിലെത്തുവാൻ സഹായവുമായി ടിഎസ്എസ്എസ്

മടങ്ങിപ്പോകുവാനുള്ള പാസ് ലഭിച്ചിട്ടും സാമ്പത്തിക ബുദ്ധി മുട്ടുമൂലം തിരിച്ചു പോകുവാൻ സാധിക്കാതെ വന്ന അതിഥി തൊഴിലാളി കൾക്ക് തമിഴ് നാട് കാതലിക് സോഷ്യൽ വർക്ക് ഫോറത്തിന്റെ അഭ്യർത്ഥനപ്രകാരം ടിഎസ്എസ്എസ് സാമ്പത്തിക സഹായം നൽകി. ഇവരുടെ മടക്കയാത്രക്ക് സഹകരിച്ച കാസർകോട് പള്ളി വികാരി ബഹുമാനപ്പെട്ട മാണി മേൽവട്ടം അച്ചനും, അസി. വികാരി ജോൺസൺ അച്ചനും, KCYM പ്രവർത്തകർക്കും ടിഎസ്എസ്എസിന്റെ നന്ദിയും കടപ്പാടും.

## ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു

കണ്ണൂർ ഇടച്ചേരി റസിഡന്റ് അസോസിയേഷൻ പരിധിയിലെ 85 കുടുംബങ്ങൾക്ക് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുമായി ചേർന്ന് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് ആർ . അനിൽ കുമാറിന് കിറ്റുകൾ കൈമാറി . തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. തലശ്ശേരി രൂപത സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ , പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ, ഹോളി ഫാമിലി ഇടവക വികാരി ഫാ. ജോസഫ് കാവനാടി, ഫാ. സെബാൻ ഇടയാടിയിൽ, കെ എം പ്രകാശൻ, ടീ കെ ദിവാകരൻ, ദിനേശൻ പുത്തലത്, എം എസ് വാസുദേവൻ, രാജു ഈറപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു.

## കാർഷിക ലോൺ വിതരണം

കർഷകരെ സാമ്പത്തികമായി സഹായിക്കാൻ ബാങ്ക് ഓഫ് ഇന്ത്യയുമായി ചേർന്ന് ടി എസ് എസ് എസ് 12 കോടി രൂപയുടെ കാർഷിക ലോൺ പദ്ധതി 4% പലിശ നിരക്കിൽ നടപ്പാക്കുന്നു. വർഷാ വർഷം ലോൺ പുതുക്കി നൽകുകയും, 3% ലോൺ അടയ്ക്കാൻ സഹായിച്ചും ടി എസ് എസ് എസ് ജാതി മത ഭേദമെന്യേ കർഷകർക്കായി ഒരുക്കുന്നു. കാർഷിക ലോൺ ധാരണ പത്രം ബാങ്ക് ഓഫ് ഇന്ത്യ ഏരിയ മാനേജർ ടോണിയിൽ നിന്നും മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏറ്റുവാങ്ങി, മാർ ജോസഫ് പാംപ്ലാനി , ഫാ പ്രിയേഷ് കളരിമുറിയിൽ, ടി എസ് എസ് എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ എന്നിവർ സന്നിഹിതരായിരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഏപ്രിൽ

30 സി.ബി.സി.ഐ ഓഫീസ് ഭാരവാഹികളുടെ സമ്മേളനത്തിൽ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തു.

### മെയ്

01 കൊറോണ രോഗികളെ ശുശ്രൂഷിക്കുന്നതിനായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് വികസിപ്പിച്ചെടുത്ത റോബോട്ട് തലശ്ശേരി ജനറൽ ഹോസ്പിറ്റലിന് നല്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

4-9 എല്ലാ ഫൊറോനകളിലെയുംവൈദികരുമായുള്ള വീഡിയോ കോൺഫറൻസിന് നേതത്വം കൊടുത്തു.

07 ഈ വർഷം റീജൻസി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളുടെ പൗരോഹിത്യവസ്ത്ര സ്വീകരണ തിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

08 കൊറോണ രോഗികളെ പരിശോധിക്കുന്നതിനായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് വികസിപ്പിച്ചെടുത്ത മൊബൈൽ കിയോസ്ക്കിന്റെ പ്രവർത്തനം വീഡിയോ കോൺഫ്രൻസിലൂടെ ഉദ്ഘാടനം ചെയ്തു.

09 ഉച്ചക്കഴിഞ്ഞ് 3 മണിക്ക് അതിരൂപതയിലുള്ള വിവിധ സന്യാസസമൂഹങ്ങളുടെ മേലധികാരികളുമായി വീഡിയോ കോൺഫറൻസ് നടത്തി.

11-12 അതിരൂപതാതിർത്തിക്ക് പുറത്ത് വ്യത്യസ്ത മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുമായി വീഡിയോ കോൺഫറൻസ് നടത്തി.

13 രാവിലെ കാക്കനാട്സെന്റ് ്തോമസ് മൗണ്ടിൽ നടന്ന സീറോമലബാർ സ്ഥിരം സിനഡിൽ വീഡിയോ കോൺഫറൻസുവഴി പങ്കെടുത്തു. തുടർന്ന് വീഡിയോ കോൺഫറൻസു വഴി നടന്ന കുന്നോത്ത് സെമിനാരി സ്റ്റാഫ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

20 ഫൊറോന വൈദികരുടെ സമ്മേളനം വീഡിയോ കോൺഫറൻസിലൂടെ നടത്തി.

21 രാവിലെ ശ്രീകണ്ഠപുരം സെന്റ്തോമസ് ഇടവകയിൽ നടന്ന ബഹു. അഗസ്റ്റിൻ ആലയ്ക്കൽ സിഎസ്ടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരി സെന്റ്ജോസഫ്സ്

കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മൂന്നാംവർഷ ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടം നൽകി.

22 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

23 പേരാവൂർ എസ്എച്ച് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നവസന്യാസിനി മാരുടെ സന്യാസവസ്ത്ര സ്വീകരണ തിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

24 പേരാവൂർ എസ്എച്ച് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് സന്യാസിനിമാരുടെ നിത്യവ്രതവാഗ്ദാന തിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

25 ഉച്ചക്കഴിഞ്ഞ് മൂന്നുമണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന അതിരൂപത പ്രസ്ബിത്തേരിയത്തിൽ അധ്യക്ഷത വഹിച്ചു.

26 രാവിലെ ഫാമിലി അപ്പൊസ്റ്റോലേറ്റ് ക്രമീകരിക്കുന്നവിവാഹ ഒരുക്ക സെമിനാർ വീഡിയോ കോൺഫറൻസുവഴി ഉദ്ഘാടനം ചെയ്തു. തുടർന്ന് കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കുന്നതിനെക്കുറിച്ച് ഗ്രാമീണ ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. വൈകുന്നേരം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മേജർ സെമിനാരി വിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങൾ നൽകി.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മെയ്

01 കൊറോണ രോഗികളെ ശുശ്രൂഷിക്കുന്നതിനായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് വികസിപ്പിച്ചെടുത്ത റോബോട്ട് തലശ്ശേരി ജനറൽ ഹോസ്പിറ്റലിന് നല്കുന്ന ചടങ്ങിൽ പങ്കെടുത്തു.

4-9 എല്ലാ ഫൊറോനകളിലെയും വൈദികരുമായുള്ള വീഡിയോ കോൺ ഫറൻസിൽ പങ്കെടുത്തു.

08 കൊറോണ രോഗികളെ പരിശോധിക്കുന്നതിനായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജ് വികസിപ്പിച്ചെടുത്ത മൊബൈൽ കിയോസ്കിന്റെ വീഡിയോ കോൺഫ്രൻസിലൂടെ നടന്ന പ്രവർത്തനോ ദ്ഘാടനത്തിൽ പങ്കെടുത്തു.

09 ഉച്ചക്കഴിഞ്ഞ് 3 മണിക്ക് അതിരൂപതയിലുള്ള വിവിധ സന്യാസസമൂഹ ങ്ങളുടെ മേലധികാരികളുമായുള്ള വീഡിയോ കോൺഫറൻസിൽ പങ്കെ ടുത്തു.

11-12 അതിരൂപതാതിർത്തിക്ക് പുറത്ത് വ്യത്യസ്ത മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുമായുള്ള വീഡിയോ കോൺഫറൻസിൽ പങ്കെ ടുത്തു.

17. മാനന്തവാടി രൂപതയിലെ കെ.സി.വൈ.എം അംഗങ്ങൾക്കുവേണ്ടി വീഡിയോകോൺഫറൻസിലൂടെ ക്ലാസ്സ് നടത്തി.

20 ഫൊറോന വൈദികരുടെ വീഡിയോ കോൺഫറൻസിലൂടെയുള്ള സമ്മേളനത്തിൽ പങ്കെടുത്തു.

21 രാവിലെ 9 മണിക്ക് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാല യത്തിൽ വച്ച് മൂന്നാംവർഷ ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടത്തിന് ഒരുക്കമായി ധ്യാന ചിന്തകൾ പങ്കുവച്ചു നൽകി.

23. പെരുവണ്ണാമൂഴിയിലെ ശാലോം ടി. വി. ആസ്ഥാനത്ത് നടന്ന വചന സന്ദേശങ്ങളുടെ ഷൂട്ടിംഗിൽ പങ്കെടുത്തു.

25 കിളിയന്തറ എസ്. എ. ബി. എസ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നവസന്യാ സിനിമാരുടെ സന്യാസവസ്ത്ര സ്വീകരണ തിരുക്കർമ്മത്തിൽ മുഖ്യകാർ മ്മികത്വം വഹിച്ചു.

25 ഉച്ചക്കഴിഞ്ഞ് മൂന്നു മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന അതിരൂപത പ്രസ്ബിത്തേരിയത്തിൽ പങ്കെടുത്തു.

26 കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കുന്നതിനെക്കുറിച്ച് ഗ്രാമീണ ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.